# വേർപാട്

032

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

ഫെബ്രുവരി - മാർച്ച് 2014



## ബൈബിൾ കാനോൻ

ഒരു BGM പ്രസിദ്ധീകരണം

# വേർപാട്

വാർത്താ പത്രിക




## എഡിറ്റോറിയൽ ടീം
EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്

**സർക്കുലേഷൻ മാനേജർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**
ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റിംഗ്സ്, കളമശ്ശേരി

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ഇ.ജെ. പൈലി
4. ഡോ. പി.പി. ജോർജ്ജ്
5. ജോർജ്ജ് പീറ്റർ
6. എം.സി. ജോർജ്ജ്
7. ജോസ് മാങ്കുടി
8. എസ്.കെ. ഡേവിഡ്
9. കെ.വി. ഐസക്
10. വി.എം. പോൾ
11. കെ. ഗോപിനാഥൻ
12. ഡോ. പി.എം. ജോർജ്ജ്കുട്ടി
13. പ്രൊഫ. മാത്യൂസ് ഏബ്രഹാം
14. സി.ഒ. ഡേവീസ്
15. റെജി. കെ. തോമസ്

**മീഡിയ കൺസൾട്ടന്റ്സ്**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ ഏബ്രഹാം
2. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
3. സാമുവേൽ പി. വർക്കി
4. രഞ്ജിത്ത് കുമാർ
5. വർക്കി ജോർജ്ജ്
6. രാജു കെ. തോമസ്
7. റെജി കെ. പോൾ



**വാർഷിക വരിസംഖ്യ : Rs.150/-**

**വാർത്തകളും കത്തുകളും വരിസംഖ്യയും അയക്കേണ്ട വിലാസം**

**Saneesh Cherian,**
Logos Bhavan
Maneed P.O., Ernakulam 686 664, Kerala
Mob : 9744706373
E-mail : BrethrenAssemblyNews@gmail.com
Website : www.BrethrenAssemblyNews.com


## ഉള്ളടക്കം


02 ബൈബിളിൽ നിന്നും കാനോനിക ഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടോ?

09 കാനോൻ ചില ചോദ്യങ്ങളും അവയ്ക്കുള്ള മറുപടിയും

14 


05 അപ്പോക്രിഫാ പുസ്തകങ്ങൾ

13 ബി.ബി.ഐ. ഞങ്ങളുടെ ജീവിതത്തിലെ സുവർണ്ണനിമിഷങ്ങൾ

17 വേർപാട് വിവാഹ വേദി

# വേദപുസ്തക കാനോനികത്വം നിരസിച്ചാൽ..!?

ലോക ചരിത്രത്തിൽ നിരവധി ഗ്രന്ഥങ്ങളുണ്ടെങ്കിലും 'ദൈവവചനം' എന്ന പേരിന് അർഹമായി ഒന്നേയുള്ളൂ. അതാണ് ബൈബിൾ. ദൈവത്തിന്റെ ശ്വാസം നിവേശിച്ചതും പരിശുദ്ധാത്മ നിയോഗത്താൽ രചിച്ചതുമെന്ന പ്രത്യേകത വേദപുസ്തകത്തിനു മാത്രം അവകാശമായിട്ടുള്ളതാണ്. ഇവയുടെ ശക്തമായ ആന്തരിക സാക്ഷ്യം ഇല്ലാത്ത പുസ്തകങ്ങൾ വേറെയുണ്ട്. എന്നാൽ നിശ്ചിത നിബന്ധനകൾക്ക് അനുസൃതമായി കൃത്യതയിൽ അളന്നു തിട്ടപ്പെടുത്തിയ അംഗീകൃത ഗ്രന്ഥങ്ങളുടെ പട്ടികയാണ് ബൈബിളിലെ 66 പുസ്തകങ്ങൾ. ആധികാരികമായ ഈ അടിസ്ഥാനവസ്തുതയാണ് വേദപുസ്തക കാനോൻ എന്നതിനാൽ വിവക്ഷിക്കുന്നത്.

സാക്ഷാൽ ദൈവപുത്രനായ കർത്താവോ അപ്പോസ്തോലന്മാരോ അംഗീകരിക്കുകയോ ഉദ്ധരിക്കുകയോ പരാമർശിക്കുകയോ പോലും ചെയ്യാത്ത മറ്റ് പുസ്തകങ്ങൾ ബൈബിളിനു വെളിയിലുണ്ട്. ദൈവശ്വാസീയം, പരിശുദ്ധാത്മ നിയോഗത്താൽ രചിക്കപ്പെട്ടത്, ആധികാരികം, ഉള്ളടക്കം സംബന്ധിച്ച് നിസ്തുല്യം, അതുപോലെ തന്നെ എഴുത്തുകാരെ സംബന്ധിച്ച് ന്യായപ്രമാണ ദാതാവ്, പ്രവാചകൻ,അ പ്പോസ്തോലന്മാർഅ ല്ലെങ്കിൽഅ വരുടെ പിൻബലം ലഭിച്ചവർ എന്നീ സവിശേഷതകളിൽ ഒന്നെങ്കിലും ഉണ്ടായിരിക്കണം എന്നത് അടിസ്ഥാനമാനദണ്ഡമാണ്.

അപ്പോസ്തോലനായ യോഹന്നാന്റെ അരുമശിഷ്യനായിരുന്ന പോളികാർപ്പുമായി അടുത്ത ബന്ധം പുലർത്തിയ സഭാപിതാവായ ഓറിഗൺ അപ്പോക്രിഫാ ഗ്രന്ഥങ്ങളെ നിരസിച്ചു. യഹൂദ ചരിത്രകാരനായ ജൊസീഫസ് പഴയ നിയമ പുസ്തക കാനോനിൽ അവയുൾപ്പെടുത്തിയിട്ടില്ലെന്ന് സാക്ഷിക്കുന്നുണ്ട്. യഹൂദ റബ്ബിമാരും, യഹൂദന്മാരും അവയ്ക്കെതിരാണ്.

മലാഖിക്കു ശേഷം യഹൂദ തിരുവെഴുത്തുകളോട് ഒന്നും കൂട്ടിച്ചേർത്തിട്ടില്ലെന്നും അടുത്ത സന്ദേശവാഹകനെ ദൈവം അയയ്ക്കുന്നത് ക്രിസ്തുവിനു മുന്നോടിയായ യോഹന്നാൻ സ്നാപകനാണെന്നും വ്യക്തമായി ഗ്രഹിച്ചാൽ വേദപുസ്തക കാനോൻ നിഷേധിക്കുകയില്ലെന്ന് മാത്രമല്ല ഈ കാലയളവിൽ രചിച്ച പല പുസ്തകങ്ങളും സ്വീകാര്യമല്ലെന്ന് സമ്മതിക്കുകയും ചെയ്യും.

രണ്ടു പ്രാവശ്യം വിജാതീയ കവിവരന്മാരുടെ വാക്കുകൾ ഉദ്ധരിച്ചിട്ടുള്ള പൗലോസ് അപ്പോക്രിഫാ ഗ്രന്ഥങ്ങളിൽ നിന്ന് ഒരു പരാമർശവും നടത്തിയിട്ടില്ല. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, ശുദ്ധീകരണ സ്ഥലം, ദാനധർമ്മങ്ങളാൽ പാപമോചനം ഇവയൊക്കെ അതിൽ കാണുന്നുമുണ്ട്

അയഞ്ഞ ജീവിതത്തിലുള്ള താല്പര്യത്തിൽ വേർപാട് പാലിക്കാതെ എന്തുമാകാം എന്ന ദുഃസ്ഥിതി അപകടകരമത്രെ. വേദപുസ്തകത്തിന്റെ കാനോനികത ഒരു അടിസ്ഥാനസത്യം തന്നെ. ദൈവമക്കൾ നിതാന്ത ജാഗ്രത പാലിക്കുക.

**ഡോ. പി.എം. ജോർജ്ജ്കുട്ടി**

## വിമൻസ് ബൈബിൾ ക്യാമ്പ്

**നെല്ലിക്കുന്ന്** : വർഷം തോറും സഹോദരിമാർക്കായി നെല്ലിക്കുന്നിൽ വെച്ച് നടക്കുന്ന വിമൻസ് ക്യാമ്പ് ദൈവഹിതമായാൽ ഈ വർഷവും ഏപ്രിൽ 28 മുതൽ മെയ് 2 വരെ സീയോൻ ബ്രദറൺ ചർച്ചിൽ വെച്ച് നടക്കും. 14 വയസിനുമേൽ പ്രായമുള്ള സഹോദരിമാർക്ക് പ്രവേശനം. ക്യാമ്പ് ഫീസ് – 100 രൂപ. ബ്രദർ ഓമന ചാണ്ടപ്പിള്ള ഫിലിപ്പ്, മിസസ് ഓമനചാണ്ടപ്പിള്ള എന്നിവർ പ്രധാനലീഡേഴ്സ് ആയിരിക്കും. ക്യാമ്പിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ കൺവീനർ മിസസ് മറിയാമ്മ ജെയിംസുമായി ബന്ധപ്പെടുക – 0487 – 2427957

# ബൈബിളിൽ നിന്നും കാനോനിക ഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടോ?

ഡോ. സനീഷ് ചെറിയാൻ

ബൈബിളിലെ പുസ്തകങ്ങൾ എഴുതപ്പെട്ട കാലയളവിലെ ആളുകൾക്ക് ഏതെല്ലാം പുസ്തകങ്ങളാണ് ബൈബിളിന്റെ ഭാഗമെന്ന് വ്യക്തമായി അറിയാമായിരുന്നു. വേദപുസ്തകം എഴുതപ്പെട്ട കാലയളവിൽ ദൈവവുമായി നേരിട്ട് ബന്ധം പുലർത്തിയിരുന്ന പ്രവാചകന്മാരും അപ്പോസ്തോലന്മാരും ഉണ്ടായിരുന്നതിനാൽ ഏതെല്ലാം എഴുത്തുകളാണ് കാനോനികം എന്നത് സംബന്ധിച്ച് ദൈവത്തിൽ നിന്നും വ്യക്തമായ നിർദ്ദേശം അവർക്ക് ലഭിച്ചിരുന്നു. ഏതെല്ലാം പുസ്തകങ്ങളാണ് പരിശുദ്ധാത്മ നിശ്വസിതമെന്നത് അവർ അക്കാലത്തെ ജനങ്ങളോട് പറഞ്ഞിരുന്നു. പ്രവാചകന്മാരും പുരോഹിതന്മാരും, അപ്പോസ്തലന്മാരും ശാസ്ത്രിമാരും സഭാപിതാക്കന്മാരും അവയെ സൂക്ഷിക്കുന്നതിനും പ്രസിദ്ധപ്പെടുത്തുന്നതിനുമുള്ള ഉത്തരവാദിത്വം ഏല്പിക്കപ്പെട്ടവരുമായിരുന്നു.

അപ്രകാരം, ദൈവശ്വാസീയമായ എല്ലാ ഗ്രന്ഥങ്ങളും വ്യക്തമായി അറിയപ്പെടുകയും, പകർത്തിയെഴുതുകയും സൂക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്യപ്പെട്ടവയായിരുന്നു. ദൈവശ്വാസീയ ഗ്രന്ഥങ്ങൾ ഏതെല്ലാമെന്നത് സംബന്ധിച്ച് യാതൊരുവിധ സംശയവും ആദിമകാല വിശ്വാസികൾക്കുണ്ടായിരുന്നില്ല. പ്രവാചകന്മാരും, പുരോഹിതന്മാരും അപ്പോസ്തോലന്മാരും അവയെ സസൂക്ഷ്മം കൈകാര്യം ചെയ്തതിനാൽ അവയിൽ ഒന്നുപോലും നഷ്ടപ്പെട്ടിട്ടില്ല. എന്തിനേറെ പറയുന്നു. എഴുത്തും പകർത്തിയെഴുത്തും യഹൂദന്മാരുടേയും ക്രിസ്ത്യാനികളുടെയും ജീവിതചര്യയിൽ ഉണ്ടായിരുന്നതിനാൽ കാനോനിക ഗ്രന്ഥങ്ങൾ ഓരോന്നിന്റെയും ധാരാളം പകർപ്പുകളും പരിഭാഷകളും ആദിമനാളുകളിൽ തന്നെ പ്രചരിപ്പിക്കപ്പെട്ടിരുന്നു. വ്യാപകമായ നിലയിൽ പകർപ്പുകൾ പ്രചരിക്കപ്പെട്ടതിനാൽ ചിലത് നശിച്ചുപോകയോ നഷ്ടപ്പെട്ടുപോകയോ ചെയ്താൽ തന്നെയും മറ്റു പകർപ്പുകൾ സുരക്ഷിതമായിരുന്നു എന്ന് ന്യായമായും ചിന്തിക്കാവുന്നതാണ്.

ഇന്നത്തെപ്പോലെ പേപ്പറും മറ്റു എഴുത്ത് ഉപകരണങ്ങളും അക്കാലത്ത് സാധാരണമല്ലായിരുന്നുവെങ്കിലും ലഭ്യമായ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി അവർ പകർപ്പുകളുണ്ടാക്കിയിരുന്നു. സാധാരണ ജനങ്ങൾക്ക് എഴുത്തിനുള്ള സാഹചര്യങ്ങൾ കുറവായിരുന്നുവെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ എഴുത്തുപകരണങ്ങൾ സുലഭമായിരുന്നു. അത്തരം സാഹചര്യത്തിലും ക്രിസ്തീയ സഭാ നേതാക്കന്മാർ തിരുവെഴുത്തിന്റെ പകർപ്പുകൾ ഉണ്ടാക്കുന്നതിനായി ലഭ്യമായ എല്ലാ മാർഗ്ഗങ്ങളും അവലംബിച്ചിരുന്നു. ബൈബിൾ, ബൈബിൾ കമന്ററികൾ, പ്രസംഗങ്ങൾ, പാട്ടുകൾ, ആത്മീകവർദ്ധനയ്ക്കുതകുന്ന മറ്റു വിഭവങ്ങൾ എന്നിവ എഴുതുന്നതിലും, പകർത്തിയെഴുതുന്നതിലും പകർപ്പുകൾ പ്രചരിപ്പിക്കുന്നതിലും ആദിമകാല വിശ്വാസികൾ ഉത്സുകരായിരുന്നു. എഴുത്തിലും പകർത്തിയെഴുത്തിലും പ്രാവീണ്യം ഉള്ളവരും അതിനുവേണ്ടി ജീവിതം സമർപ്പിച്ചവരുമായ രായസക്കാർ/ശാസ്ത്രിമാർ എന്നൊരു വിഭാഗം തന്നെ യഹൂദന്മാരുടെ ഇടയിൽ ഉണ്ടായി. വേദപുസ്തകപരമായ എഴുത്തുകൾ നടത്തുന്നതിനാണ് ഇവർ പ്രഥമസ്ഥാനം നൽകിയിരിക്കുന്നത്.

തിരുവെഴുത്ത് പകർത്തിയെഴുതുന്നതിനായി ജീവിതം സമർപ്പിച്ച രായസക്കാർ തിരുവെഴുത്തിന്റെ കൈവശാവകാശികളായി. കാനോനിക പുസ്തകങ്ങൾ ഒന്നും നഷ്ടപ്പെടാതെയും കാനോനികമല്ലാത്തതൊന്നും കൂട്ടിച്ചേർക്കപ്പെടാതെയും തിരുവെഴുത്തിനെ സംരക്ഷിക്കുകയും മാനുഷിക ആശയങ്ങളും പിശകുകളും കടന്നു കൂടാതെ പകർത്തിയെഴുതുവാനും പരിഭാഷപ്പെടുത്തുവാനും അവർ ജീവിതം ഉഴിഞ്ഞുവെച്ചു. പുതിയ നിയമത്തിലും ഇതേ രീതി തുടർന്നുവന്നു. വേദപ

> ഇന്നത്തെപ്പോലെ പേപ്പറും മറ്റു എഴുത്ത് ഉപകരണങ്ങളും അക്കാലത്ത് സാധാരണമല്ലായിരുന്നുവെങ്കിലും ലഭ്യമായ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി അവർ പകർപ്പുകളുണ്ടാക്കിയിരുന്നു. സാധാരണ ജനങ്ങൾക്ക് എഴുത്തിനുള്ള സാഹചര്യങ്ങൾ കുറവായിരുന്നുവെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ എഴുത്തുപകരണങ്ങൾ സുലഭമായിരുന്നു.

ണ്ഡിതനായ പൗലോസും വൈദ്യനായ ലൂക്കോസും സർക്കാർ ഉദ്യോഗസ്ഥനായ മത്തായിയും ഉൾപ്പെടുന്ന സംഘം പുതിയ നിയമ തിരുവെഴുത്തിനെ പിശകുകളും വ്യതിചലനങ്ങളുമില്ലാതെ എഴുതുവാനും വിതരണം ചെയ്യുവാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കാനോനിക പുസ്തകങ്ങൾ ഒഴിവാക്കപ്പെടാതിരിപ്പാനും കാനോനികമല്ലാത്തവ ചേർക്കപ്പെടാതിരിപ്പാനും അവർ ശ്രദ്ധിച്ചിരുന്നു. ദൈവാത്മാവ് അവരെ അതിനായി സഹായിച്ചു.

ചുവടെ ചേർക്കുന്ന വാക്യങ്ങളിൽ പരാമർശിച്ചിരിക്കുന്ന പുസ്തകങ്ങൾ എന്തുകൊണ്ട് ബൈബിളിൽ ഇല്ല എന്ന് പലരും ചോദിക്കുന്നു. "നിങ്ങളുടെ ഇടയിൽ ലേഖനം വായിച്ചു തീർന്നശേഷം ലവൂദിക്യ സഭയിൽ കൂടെ വായിപ്പിക്കുകയും ലവൂദിക്യയിൽ നിന്നുള്ളത് നിങ്ങളും വായിക്കുകയും ചെയ്യുവിൻ" (കൊലോ 4:16). പ്രഗത്ഭനായ ഒരു എഴുത്തുകാരനായ പൗലോസ് എഴുതിയ എല്ലാ ലേഖനങ്ങളും ദൈവശ്വാസീയമല്ല എന്നതാണ് ഇതിനുള്ള ശരിയായ മറുപടി. തന്റെ എഴുത്തുകളിൽ ചിലത് പ്രബോധനങ്ങളും മറ്റ് ചിലത് വ്യക്തിപരമായ കത്തുകളും ആയിരിക്കാം. താൻ എഴുത്തിനും വായനയ്ക്കുമായി ജീവിതം സമർപ്പിച്ചിരുന്ന വ്യക്തിയായിരുന്നുവെന്ന് താൻ എഴുതിയ കാനോനിക ഗ്രന്ഥങ്ങളിൽ നിന്നും വ്യക്തമാകുന്ന കാര്യമാണ്. കാനോന്റെ ഭാഗമായി തിരുവെഴുത്തിൽ നാം കാണുന്ന ലേഖനങ്ങൾ മാത്രമാണ് ദൈവശ്വാസീയമായി തനിക്ക് ലഭിച്ചത്. ബാക്കിയുള്ളവ തന്റെ വ്യക്തിപരമായ ധ്യാനത്തിൽ നിന്നും പ്രചോദനത്തിൽ നിന്നും ഉരുത്തിരിഞ്ഞവയാണ് എന്നു മനസ്സിലാക്കാം. അത്തരം ഒരു എഴുത്തിനെക്കുറിച്ച് ഒരു പരാമർശം താൻ ഇവിടെ നടത്തി എന്നേ ചിന്തിക്കേണ്ടതുള്ളു. ഒന്നാം നൂറ്റാണ്ടിൽ തന്നെ അപ്പോസ്തലന്മാർ ദൈവശ്വാസീയവും കാനോനികവുമായ വചനങ്ങളെയും അല്ലാത്തവയെയും വകതിരിച്ച് മനസ്സിലാക്കിയിരുന്നു എന്ന് നമുക്ക് വ്യക്തമാകത്തക്ക തെളിവുകൾ തിരുവെഴുത്ത് നൽകുന്നു. 2 പത്രോ 3:15:16 ൽ നാം ഇങ്ങനെ വായിക്കുന്നുവല്ലോ. "അങ്ങനെ തന്നെ നമ്മുടെ പ്രിയ സഹോദരനായ പൗലോസും തനിക്ക് ലഭിച്ച ജ്ഞാനത്തിനു ഒത്തവണ്ണം നിങ്ങൾക്കും ഇതിനെക്കുറിച്ച് സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതിയിട്ടുണ്ടല്ലോ. അവയിൽ ഗ്രഹിക്കുവാൻ പ്രയാസമുള്ള ചിലതുണ്ട്. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെപ്പോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു" പൗലോസ് എഴുതിയ ലേഖനങ്ങൾ തിരുവെഴുത്താണെന്ന് പത്രോസ് മനസ്സിലാക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

പുതിയ നിയമ കാലമായപ്പോഴേക്കും എഴുത്തുപകരണങ്ങൾ സുലഭമായിരുന്നു. തന്മൂലം ധാരാളം എഴുത്തുകൾ, പ്രത്യേകിച്ചും ക്രിസ്തീയ സമൂഹത്തിൽ ഉണ്ടായി. അക്കാലത്ത് ആളുകൾക്ക് സുപരിചിതമായിരുന്ന അത്തരംഎ ഴുത്തുകളിലെച ിലപ രാമർശങ്ങൾ ബൈബിളിലും ദൈവാത്മാവ് എടുത്ത് ഉദ്ധരിച്ചിരുന്നു. എന്നിരുന്നാലും ഒരു പുസ്തകത്തിൽ നിന്നും ഒരു ഉദ്ധരണി ദൈവാത്മാവ് എടുത്തുപയോഗിച്ചു എന്ന കാരണത്താൽ ആ പുസ്തകം ദൈവശ്വാസീയമാകുന്നില്ല. കൊലോസ്യ ലേഖനത്തിൽ പരാമർശിച്ചിരിക്കുന്ന ലേഖനം കാനോനികമെന്നും അത് നഷ്ടപ്പെട്ടതെന്നും ചിലർ ചിന്തിക്കുന്നത് തിരുവെഴുത്തിന്റെ നിസ്തുല്യത സംബന്ധിച്ച അജ്ഞത മൂലമാണ്. ഇതുപോലുള്ള പല പുസ്തകങ്ങളെക്കുറിച്ചും തിരുവെഴുത്തിൽ പരാമർശമുണ്ട്. എന്നാൽ അവ ഒരു കാരണവശാലും കാനോനിന്റെ ഭാഗമാകുന്നില്ല . അവയിൽ നിന്നുള്ള ഉദ്ധരണികൾ തിരുവെഴുത്തിൽ ചേർക്കപ്പെട്ടതിനാൽ ആ ഉദ്ധരണികൾ മാത്രം കാനോനിന്റെ ഭാഗമായിത്തീർന്നു എന്നു വേണം മനസ്സിലാക്കാൻ. ബൈബിളിൽ പരാമർശിച്ചിരിക്കുന്ന ചില പുസ്തകങ്ങൾ ഇദ്ദോ ദർശകന്റെ ദർശനങ്ങൾ (2 ദിന9:29). ദർശകനായ ശമുവേലിന്റെ വൃത്താന്തങ്ങൾ (1 ദിന. 29:29) ശെമയ്യാ പ്രവാചകന്റെ വൃത്താന്തങ്ങൾ (2 ദിന12:15). ഇതുപോലെ ധാരാളം പുസ്തകങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ബൈബിളിൽ കാണാമെങ്കിലും അവ ദൈവശ്വാസീയമല്ലായിരുന്നു. അതുകൊണ്ട് അവ ബൈബിളിൽ ചേർക്കപ്പെട്ടിട്ടില്ല എന്നതാണ് കാരണം. മറിച്ച് ബൈബിളിൽ നിന്നും കാനോനിക പുസ്തകങ്ങൾ നഷ്ടപ്പെടുകയായിരുന്നില്ല.

അപ്പോസ്തലനായ പൗലോസും 2 തിമൊ 4:13 ൽ പുസ്തകങ്ങളെക്കുറിച്ചും ചർമ്മലിഖിതങ്ങളെക്കുറിച്ചും പറയുന്നെങ്കിലും അവ ദൈവവചനത്തിന്റെ ഭാഗമെന്ന് അവകാശപ്പെടുന്നില്ല. കാരണം താൻ ധാരാളമായി വായിച്ചിരുന്നതും എഴുതിയതുമായ പലതും ദൈവശ്വാസീയമായിരുന്നില്ല, ദൈവവചനവുമായിരുന്നില്ല എന്ന് വ്യക്തം. ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തീയ സമൂഹത്തിൽ ധാരാളം കത്തുകൾ വ്യക്തിപരമായും സഭകൾക്കുമായി എഴുതപ്പെട്ടിരുന്നുവെങ്കിലും അവ പരിശുദ്ധാത്മനിശ്വാസിതങ്ങളായിരുന്നില്ല. ദൈവശ്വാസീയമായി എഴുതപ്പെട്ട ലേഖനങ്ങളും പുസ്തക

ങ്ങളും ഏതെന്നതു സംബന്ധിച്ച് അപ്പോസ്തലന്മാർക്കും ആദിമകാല വിശ്വാസികൾക്കും വ്യക്തമായ ബോധ്യമുണ്ടായിരുന്നു. അവരത് അതിന്റെ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുകയും ചെയ്തിരുന്നു. ആകയാൽ കാനോനികപ ുസ്തകങ്ങൾഗ ന്നുേ പാലും നഷ്ടപ്പെട്ടിട്ടില്ല.

കാനോനികമായ പുസ്തകങ്ങൾ ഏതെല്ലാം എന്നത് സംബന്ധിച്ച് അപ്പോസ്തലന്മാർക്ക് വ്യക്തമായ ബോധ്യമുണ്ടായിരുന്നു. തന്മൂലം കാനോനികമല്ലാത്ത പുസ്തകങ്ങളെ സൂക്ഷിക്കണമെന്ന മുന്നറിയിപ്പും അവർ നൽകുന്നു. ഉദാഹരണത്തിന് 2 തെസ. 2:2 ൽ അപ്പോസ്തലനായ പൗലോസ് ഇപ്രകാരം എഴുതിയിരിക്കുന്നു. "കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നുവെച്ച് നിങ്ങൾ വല്ല ആത്മാവിനാലോ വചനത്താലോ ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ സുബോധം വിട്ട് വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുത്." അപ്പോസ്തലന്റെ കാലത്ത് തന്നെ തന്റെ പേരിൽ വ്യാജലേഖനങ്ങൾ ചിലർ പ്രസിദ്ധീകരിക്കുന്നതും അത് സഭകളിൽ പഠിപ്പിക്കുന്നതുമായ ദുഷ്പ്രവണതകൾ സഭാമണ്ഡലത്തിൽ തലപൊക്കിയിരുന്നതിനാൽ അതിനെതിരെ താൻ മുന്നറിയിപ്പ് നൽകുന്നു. തിരുവെഴുത്ത് തന്നെ അത്തരം വ്യാജലിഖിതങ്ങളെയും അവയിലെ ഉപദേശത്തെയും ദൈവികമല്ലെന്ന് സമർത്ഥിക്കുന്നു.

ചുരുക്കത്തിൽ, പഴയനിയമവും പുതിയനിയമവും എഴുതപ്പെട്ട കാലയളവിൽ ധാരാളം പുസ്തകങ്ങളിൽ നിന്നും ദൈവനിശ്വസിതങ്ങളായ പുസ്തകങ്ങൾ ഏതെല്ലാമെന്ന് തിരിച്ചറിയുന്നതിനു ദൈവവുമായി അഭിമുഖമായി സംസാരിച്ചിരുന്ന പ്രവാചകന്മാർക്കും പുരോഹിതന്മാർക്കും ദൈവവചനം പകർത്തിയെഴുതുന്നതിനും പരിഭാഷപ്പെടുത്തുന്നതിനും വ്യാഖ്യാനിക്കുന്നതിനുമായി ജീവിതം ഉഴിഞ്ഞുവെച്ച എസ്രായേപ്പോലുള്ള ശാസ്ത്രിമാർക്കും, പുതിയനിയമത്തിൽ അപ്പോസ്തോലപിതാക്കന്മാർക്കും സാധിച്ചിരുന്നു. കാനോനിക ഗ്രന്ഥങ്ങളുടെ രചനയ്ക്ക് ദൈവം എടുത്തുപയോഗിച്ചവ ്യക്തികളുടെഎ ല്ലാഎ ഴുത്തുകളും ദൈവശ്വാസീയമായിരുന്നില്ല. ദൈവനിശ്വസിതങ്ങൾ ഏതെന്നതു സംബന്ധിച്ച് അവർക്ക് വ്യക്തമായ ധാരണയും ബോധ്യവും ദൈവാത്മാവ് നൽകിയിരുന്നു. കാനോനിക ഗ്രന്ഥങ്ങൾ എഴുതപ്പെട്ടതും തിരിച്ചറിയപ്പെട്ടതും യാതൊരു വ്യതിയാനവും കൂടാതെ പകർത്തിയെഴുതിയതും പരിഭാഷപ്പെടുത്തിയതും ദൈവാത്മാവിന്റെ വ്യക്തമായ നടത്തിപ്പിൻ പ്രകാരമാണ്. അതേ സമയം ദൈവഭക്തരായ യഹൂദന്മാരും ക്രിസ്ത്യാനികളും തിരുവെഴുത്തിന്റെ വ്യാഖ്യാനങ്ങളും ആത്മീക വർദ്ധനയ്ക്കുതകുന്ന ധ്യാനപുസ്തകങ്ങളും എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. തിരുവെഴുത്തിനൊപ്പം അവ സൂക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്തിരുന്നുവെങ്കിലും അവയെ ദൈവവചനത്തിന്റെ ഭാഗമായി കരുതുകയോ ദൈവശ്വാസീയമെന്നവകാശപ്പെടുകയോ ചെയ്യുന്നില്ല. പഴയനിയമത്തിന്റെ പഠനത്തിനു സഹായിക്കുന്ന ധാരാളം പഠനഗ്രന്ഥങ്ങളുണ്ട്. യേശുക്രിസ്തുവിന്റെ അനുഗാമികളിൽ പലരും അത്തരം പഠനഗ്രന്ഥങ്ങൾ ഒന്നാം നൂറ്റാണ്ടിൽ തന്നെ രചിച്ചിട്ടുണ്ട്. യേശുക്രിസ്തുവിന്റെ ജീവചരിത്രമെഴുതിയ പുസ്തകങ്ങളെക്കുറിച്ച് ലൂക്കോസ് തന്റെ സുവിശേഷത്തിന്റെ പ്രാരംഭവാക്യങ്ങളിൽ തന്നെ സൂചിപ്പിക്കുന്നുണ്ട്. വേദപുസ്തക രചയിതാക്കളുടെ പേരിൽ നിരവധി പുസ്തകങ്ങൾ രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയിൽ ദൈവശ്വാസീയമായവ ഏതെല്ലാമെന്ന് തിരിച്ചറിയുന്നതിനുള്ള കഴിവ് ദൈവാത്മാവ് പ്രവാചകന്മാർക്കും പുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും അപ്പോസ്തോലന്മാർക്കും ആദിമകാല വിശ്വാസികൾക്കും പ്രത്യേകമായി നൽകിയിരുന്നു. അപ്പോസ്തലന്മാരെയും പ്രവാചകന്മാരെയും സഭയുടെ അടിസ്ഥാനങ്ങളായി ദൈവം നിലനിർത്തിയത് ഇക്കാരണത്താലാണ്. അവർ ഉറപ്പിച്ചു തന്നതായ വചനം പിൻപറ്റുക എന്ന ദൗത്യമാണ് ദൈവം സഭയ്ക്ക് നൽകിയിട്ടുള്ളത്.

ഒരു ക്രിസ്തീയ ഗ്രന്ഥശാലയിലേക്ക് ഒരു വ്യക്തി കടന്നു ചെല്ലുമ്പോൾ ബൈബിളിനോടൊപ്പം മറ്റനേകം പുസ്തകങ്ങളും തന്നെ എതിരേൽക്കുന്നു. എന്നിരുന്നാലും ബൈബിളും ആ പുസ്തകങ്ങളും തമ്മിലുള്ള അന്തരം ആ വ്യക്തിക്ക് വ്യക്തമാണ്. അതുപോലെ തന്നെ, ഒരു വ്യക്തി ഒരു പഠനബൈബിൾ തുറക്കുമ്പോൾ, ദൈവശ്വാസീയമായ തിരുവെഴുത്തും അതോടൊപ്പം തന്നെ അതിന്റെ മാർജിനിൽ പഠനസഹായിയും വ്യാഖ്യാനങ്ങളും കാണുന്നു. പഠനസഹായകമായി മാർജിനിൽ നൽകിയിരിക്കുന്ന കുറിപ്പുകൾ ദൈവശ്വാസീയമല്ലെന്നും ദൈവവചനത്തിന്റെ ഭാഗമല്ലെന്നുമുള്ള സത്യം മനസ്സിലാക്കിയാണ് അദ്ദേഹം അതിനെ കൈകാര്യം ചെയ്യുന്നത്. തന്മൂലം മാർജിനിൽ നൽകിയിരിക്കുന്ന കുറിപ്പുകളിൽ ആശയപിശകുകളുണ്ടെങ്കിൽ പോലും അവയെ തിരസ്ക്കരിക്കുവാൻ വായനക്കാരനു മടിയില്ല. ഈ സ്ഥിതി തന്നെ

*ശേഷം പേജ്..... 20*

# അപ്പോക്രിഫാ പുസ്തകങ്ങൾ

ഡോ. ജോൺസൺ സി. ഫിലിപ്പ്



ക്രിസ്തീയ സമൂഹത്തിൽ വളരെയേറെ ചർച്ചകൾക്കും വിവാദങ്ങൾക്കും വേദിയായിട്ടുള്ള ഒരു വിഷയമാണ് അപ്പോക്രിഫാ പുസ്തകങ്ങൾ വേദപുസ്തക കാനോനിന്റെ ഭാഗമോ എന്നത്. കത്തോലിക്കരും ഓർത്തഡോക്സ് കാരുമുൾപ്പെടെയുള്ള പട്ടത്വസമൂഹങ്ങൾ അപ്പോക്രിഫാ പുസ്തകങ്ങൾ ബൈബിളിൽ ചേർക്കുകയും ബൈബിളിന്റെ ഭാഗമെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. പ്രൊട്ടസ്റ്റന്റ്കാർ അവയെ കാനോനിൽ നിന്നും മാറ്റി എന്നതാണ് ഇവരുടെ പക്ഷം. ഈ ആരോപണം ശരിയോ എന്ന് പ്രൊട്ടസ്റ്റന്റ് സഭകളിലെ അംഗങ്ങൾ പലരും അറിയുവാനാഗ്രഹിക്കുന്നു. ആകയാൽ എന്താണ് അപ്പോക്രിഫാ? എന്തുകൊണ്ട് പ്രൊട്ടസ്റ്റന്റ് ബൈബിളിൽ അവ കാണുന്നില്ല എന്ന് ചുരുക്കമായി പരാമർശിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ക്രിസ്ത്യാനികൾ പരദേശിമോക്ഷയാത്ര (Pilgrim Progress) എന്ന പുസ്തകത്തെ വായിക്കുവാൻ ഇഷ്ടപ്പെടുന്നത്പോലെ വായനയ്ക്ക് നല്ലത് എന്ന് യഹൂദന്മാർ മനസ്സിലാക്കിയ ഒരു ഡസൻ പുസ്തകങ്ങളാണ് അപ്പോക്രിഫാ എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തീയ സമൂഹത്തിൽ ധാരാളം എഴുത്തുകാരുണ്ടായിരുന്നതുപോലെ തന്നെ പഴയ നിയമ യഹൂദ വിശ്വാസികളുടെ ഇടയിലും എഴുത്തുകാർ ഉണ്ടായിരുന്നു. ഇന്നു ധ്യാനാത്മകവും പഠനപരവുമായ പുസ്തകങ്ങൾ ആയിരക്കണക്കിനു നാം അച്ചടിച്ച് വിതരണം ചെയ്യുന്നത് പോലെ പഴയനിയമകാലത്തും ധാരാളം പേർ ധ്യാനങ്ങളും പഠനങ്ങളുമടങ്ങിയ പുസ്തകങ്ങൾ എഴുതുകയും പകർപ്പുകൾ എടുത്തു വിതരണം ചെയ്യുകയും ചെയ്തിരുന്നു. ഈ പുസ്തകങ്ങൾ ഉപയോഗിച്ചിരുന്ന യഹൂദന്മാർക്ക് അവയുടെ സ്വഭാവവും പ്രാധാന്യവും സംബന്ധിച്ച് യാതൊരുവിധ സംശയങ്ങളും ഉണ്ടായിരുന്നില്ല. തന്നെയുമല്ല. അവയെ തിരുവെഴുത്തിന്റെ ഭാഗമായി പരിഗണിച്ചിരുന്നുമില്ല. ഇന്നും ബൈബിളും വേദപഠനസഹായികളും ഉപയോഗിക്കുന്നവർക്ക് അവ തമ്മിലുള്ള വ്യത്യാസം നന്നായി അറിയാം.

ഉദാഹരണത്തിന്, ഇന്ന് ധാരാളം പഠനബൈബിളുകൾ ലഭ്യമാണ്. ആ ബൈബിളുകളുടെ വശങ്ങളിലും ചുവട്ടിലും പഠനകുറിപ്പുകൾ കാണാം. ചില കുറിപ്പുകൾ ചെറുതും മറ്റു ചിലത് പുസ്തകത്തിന്റെ ഒടുവിൽ പല പേജുകളിലായിതന്നെവ ിശദീകരിച്ചിരിക്കുന്നതും കാണാം. അവ വായിക്കുന്ന ക്രിസ്ത്യാനികൾക്ക് അവ ആത്മീക വർദ്ധനയ്ക്കും മറ്റും വളരെ സഹായകങ്ങളുമാണ്. എന്നാൽ ആരും തന്നെ അവയെ തിരുവെഴുത്തിന്റെയോ കാനോന്റെയോ ഭാഗമായി കാണുന്നില്ല.

പഴയനിയമത്തോടുള്ള ബന്ധത്തിലും ഇതു തന്നെയാണ് അവസ്ഥ. പഴയനിയമ തിരുവെഴുത്തിനോടൊപ്പം തന്നെ ആളുകൾ എഴുതിയ വിശദീരണങ്ങളും ധ്യാനചിന്തകളും പകർത്തിയെഴുതപ്പെടുകയും വിതരണം ചെയ്യപ്പെടുകയും ചെയ്തു,. ബൈബിൾ പോലെ അവ ദൈവശ്വാസീയമായിരുന്നില്ലെങ്കിലും ക്രിസ്ത്യാനികൾ വ്യാഖ്യാനഗ്രന്ഥങ്ങളെ മൂല്യമുള്ളവയായി കരുതുന്നതുപോലെ പല യഹൂദരും തിരുവെഴുത്തിനൊപ്പം ഇത്തരം എഴുത്തുകളും സൂക്ഷിച്ചിരുന്നു. ഇത്തരം എഴുത്തുകളിൽ ചിലതാണ് ഇന്ന് അപ്പോക്രിഫാ എന്ന് അറിയപ്പെടുന്നത്.

എബ്രായ പഴനിയമം ഗ്രീക്കിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ (സെപ്തുവജിന്റ്) ഇത്തരം ചില പുസ്തകങ്ങൾ കൂടി പരിഭാഷപ്പെടുത്തിയിരുന്നു. ഇന്നും ബൈബിൾ പരിഭാഷകളോടൊപ്പം ചില നല്ല ധ്യാനഗ്രന്ഥങ്ങൾ കൂടി പരിഭാഷപ്പെടുത്തുന്നതുപോലെ തന്നെയാണ് അന്നും ചെയ്തത്. സെപ്തുവജിന്റിനോടൊപ്പം അത്തരം പുസ്തകങ്ങൾ കൂടി പരിഭാഷപ്പെടുത്തിയിരുന്നുവെങ്കിലും അവയെ ഒരി

ക്കലും കാനോനിന്റെ ഭാഗമായി കണ്ടിരുന്നില്ല. പരിഭാഷകരോ അത് വായിച്ചിരുന്ന ആദിമ കാല ഭക്തരോ അവയെ കാനോനികമായി ഗണിച്ചിരുന്നുമില്ല.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെയും അപ്പോസ്തോലന്മാരുടെയും കാലത്ത് യഹൂദന്മാർ ഇത്തരം ധ്യാനപുസ്തകങ്ങളെ വ്യാപകമായി ഉപയോഗിച്ച് വന്നിരുന്നു. എന്നിരുന്നാലും, അവരിൽ ആരും പ്രസ്തുത പുസ്തകങ്ങളെ കാനോനിന്റെ ഭാഗമെന്ന് വ്യാഖ്യാനിച്ചില്ല. തിരുവെഴുത്തിനോടൊപ്പം നല്ല പഠനഗ്രന്ഥങ്ങളായി അവയെ ഉപയോഗിച്ചിരുന്നെങ്കിലും അതിൽ നിന്നും ഉദ്ധരണികൾ എടുത്തിരുന്നെങ്കിലും അവയെ കാനോനികമെന്ന് അവകാശപ്പെട്ടിരുന്നില്ല. കാരണം അവ കാനോനികമായിരുന്നില്ല എന്നതു തന്നെ. യേശു കർത്താവ് പഴയനിയമത്തിൽ നിന്നും ഉദ്ധരണികൾ എടുത്തിരുന്നതുകൊണ്ട് തന്റെ വാക്കുകളിൽ നിന്നു തന്നെ കാനോനിക ഗ്രന്ഥങ്ങൾ ഏവ എന്നത് സംബന്ധിച്ച് ഒരു ബോദ്ധ്യം നമുക്ക് ലഭിക്കും. പഴയനിയമത്തെ ന്യായപ്രമാണവും പ്രവാചകന്മാരും എന്നാണ് കർത്താവ് ആവർത്തിച്ച് വെളിപ്പെടുത്തിയിരിക്കുന്നത്. കർത്താവ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. "ഇതാകുന്നു നിങ്ങളോട് കൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നത് ഒക്കെയും നിവർത്തിയാകേണം എന്നുള്ളത് തന്നെ . (ലൂക്കോസ് 24:44).

ഈ മൂന്ന് വിഭാഗങ്ങളിലാണ് പഴയനിയമത്തിലെ 39 പുസ്തകങ്ങൾ ഉൾപ്പെട്ടിരിക്കുന്നത് എന്ന് നമുക്കറിയാമല്ലോ. ആകയാൽ ഈ പുസ്തകങ്ങൾ മാത്രമാണ് പഴയനിയമ കാനോൻ എന്ന് കർത്താവിന്റെ വാക്കുകളിൽ നിന്നു തന്നെ നമുക്ക് മനസ്സിലാക്കാവുന്നതാണ്. പുതിയ നിയമത്തിലെ മറ്റു വേദഭാഗങ്ങളിൽ നിന്നും പഴയനിയമ കാനോൻ എന്നത് 39 പുസ്തകങ്ങളടങ്ങിയ ഈ മൂന്ന് വിഭാഗങ്ങളിൽ (ന്യായപ്രമാണം, പ്രവാചകന്മാർ, സങ്കീർത്തനം) ഉള്ള പുസ്തകങ്ങളാണെന്നു മനസ്സിലാക്കാം. യഹൂദന്മാരും, കർത്താവായ യേശുവും, പുതിയ നിയമ സഭയും പഴയ നിയമത്തെ ചുവടെ ചേർക്കുംവിധം വിഭജിച്ചിരിക്കുന്നു.

1. **ന്യായപ്രമാണം (തോറാ)**: ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യാ, ആവർത്തനം (5 പുസ്തകങ്ങൾ)

2. **പ്രവാചകന്മാർ (നബീം)** : യോശുവ, ന്യായാധിപന്മാർ 1, 2 ശമുവേൽ 1,2, രാജാക്കന്മാർ, യെശയ്യാവ്, യിരെമ്യാവ്, യെഹസ്കേൽ, 12 ചെറിയ പ്രവാചക പുസ്തകങ്ങൾ.

3. **എഴുത്തുകൾ (കെത്തൂബിം)**: സങ്കീർത്തനങ്ങൾ, സദൃശവാക്യങ്ങൾ, ഇയ്യോബ്, ഉത്തമഗീതം, സഭാപ്രസംഗി, വിലാപങ്ങൾ, എസ്ഥേർ, ദാനിയേൽ, നെഹമ്യാവ്, 1,2 ദിനവൃത്താന്തം.

ഈ മൂന്ന് വിഭജനത്തെയാണ് അപ്പോസ്തലന്മാരും യേശുകർത്താവും കാനോനായി വെളിപ്പെടുത്തിയിരിക്കുന്നത്. അപ്പോസ്തലന്മാർ കാനോന് പുറത്തുള്ള മറ്റ് പുസ്തകങ്ങളിൽ നിന്നും ഉദ്ധരണികൾ എടുത്തിട്ടുണ്ടെങ്കിലം അത്തരം പുസ്തകങ്ങൾക്ക് കാനോനിക പദവി നൽകിയിട്ടില്ല. ക്രിസ്തീയ ഭവനങ്ങളിലും പുസ്തക ശാലകളിലും ലൈബ്രറികളിലും ബൈബിളും ഇതരഗ്രന്ഥങ്ങളും ഒരുമിച്ചിരിക്കുന്നത് പോലെ പുരാതനകാലങ്ങളിൽ തിരുവെഴുത്തും മറ്റു ഗ്രന്ഥങ്ങളും ഒരുമിച്ച് സൂക്ഷിക്കപ്പെട്ടിരുന്നു. എന്നാൽ അവ ഓരോന്നും എന്ത് എന്നത് സംബന്ധിച്ച് വ്യക്തത അക്കാലത്തുള്ളവർക്കുണ്ടായിരുന്നു. തിരുവെഴുത്ത് തിരുവെഴുത്തായും മറ്റുള്ളവ അവയുടെ സ്ഥാനത്തും പരിഗണിക്കപ്പെട്ടിരുന്നു.

ഇന്നു ബൈബിളിനോടൊപ്പം ധ്യാനപുസ്തകങ്ങളും പഠനഗ്രന്ഥങ്ങളും പരിഭാഷപ്പെടുത്തുകയും അച്ചടിക്കുകയും ചെയ്യുന്നത് പോലെ അക്കാലത്തും തിരുവെഴുത്തിനോടൊപ്പം തന്നെ പഠനഗ്രന്ഥങ്ങളും ധ്യാനചിന്തകളുടെ ലേഖനങ്ങളും പകർത്തിയെഴുതുകയും പരിഭാഷപ്പെടുത്തുകയും സൂക്ഷിക്കപ്പെടുകയും ചെയ്തിരുന്നു. തന്മൂലം ക്രിസ്തുവിനു മുൻപ് തയ്യാറാക്കപ്പെട്ടിരുന്ന ചാവുകടൽ ചുരുളുകളുടെ സമൂഹത്തിൽ കാനോനിക തിരുവെഴുത്തിനോടൊപ്പം ഇതര പുസ്തകങ്ങളും സുരക്ഷിതമായി കാണപ്പെട്ടു. പുതിയനിയമകാലത്ത് ഈ പരിചയം ശക്തിപ്പെട്ടതേയുള്ളു. വേദപുസ്തകങ്ങളുടെ വ്യാഖ്യാനഗ്രന്ഥങ്ങളും, പഠനഗ്രന്ഥങ്ങളും, ധ്യാനചിന്തകളുടെ പുസ്തകങ്ങളും, പ്രസംഗകുറിപ്പുകളും, പാട്ടുകളും തുടങ്ങി ആത്മീക വർദ്ധനയ്ക്ക് സഹായകമായ വിഭവങ്ങളൊക്കെ തിരുവെഴുത്തിനോടൊപ്പം സൂക്ഷിക്കുന്നു. ഇവിടെയും തിരുവെഴുത്ത് (കാനോൻ) എന്ത് എന്നതു സംബന്ധിച്ചും ആത്മീക ജീവിതത്തിനു സഹായകമായത് എന്ത് എന്നത് സംബന്ധിച്ചും വ്യക്തമായ ധാരണയുണ്ട്. വ്യാഖ്യാനഗ്രന്ഥങ്ങളെ തിരുവെഴുത്തായി നമ്മിൽ ആരും അംഗീകരിക്കാറില്ലല്ലോ!

പഴയനിയമകാലത്ത് കാനോനിക ഗ്രന്ഥങ്ങൾ തുകൽച്ചുരുളുകളിലും മറ്റുമാണല്ലോ എഴുതപ്പെട്ടി

രിക്കുന്നത്. 39 പുസ്തകങ്ങളും ഒരു ചുരുളിൽ കൊള്ളിക്കുക സാധ്യമല്ലായിരുന്നു. തന്മൂലം പല ചുരുളുകളായാണ് അവ സൂക്ഷിക്കപ്പെട്ടിരുന്നത്. 66 പുസ്തകങ്ങളും ഒരുമിച്ച് സൂക്ഷിക്കുന്നതിനു 5 മുതൽ 20 വരെ വലിയ തുകൽച്ചുരുളുകൾ ആവശ്യമായിരുന്നു.

**കൊഡെക്സിന്റെ വികസനം**

ഒരു വശത്ത് തുന്നിച്ചേർക്കുന്ന ഷീറ്റുകൾ എഴുത്തുപാധിയായി കണ്ടുപിടിക്കപ്പെട്ടത് പുതിയ നിയമകാലത്താണ്. അങ്ങനെ തുകൽഷീറ്റുകളായി തുന്നിക്കെട്ടിയുണ്ടാക്കിയ പുസ്തകത്തെയാണ് കൊഡെക്സ് എന്ന് വിളിക്കുന്നത്. തുകലിനു കട്ടി കൂടുതലായതുകൊണ്ട് 66 പുസ്തകങ്ങളെ ഒരു കൊഡെക്സിൽ കൊള്ളിക്കുകയും സാധ്യമല്ലായിരുന്നു. പഴയനിയമം മാത്രമോ, പുതിയ നിയമം മാത്രമോ ഒരു കൊഡെക്സിൽ കൊള്ളില്ലായിരുന്നു. ഒന്നിലധികം കൊഡെക്സിലാണ് അവ എഴുതപ്പെട്ടത്. തുകർച്ചുരുളുകളെ അപേക്ഷിച്ച് ഇത്തരം കൊഡെക്സുകൾ ഭാരം കുറഞ്ഞവയും കൈകാര്യം ചെയ്യാൻ എളുപ്പവുമായിരുന്നതിനാൽ തിരുവെഴുത്തിന്റെ ധാരാളം പകർപ്പുകൾ കൊഡെക്സിലുണ്ടായി. പല കൊഡെക്സിൽ രചിക്കപ്പെട്ട തിരുവെഴുത്തിലെ പുസ്തകങ്ങളെ ഒരു പുസ്തകമാക്കുക എന്നത് പ്രായോഗികമായിരുന്നില്ല. കൊഡെക്സിൽ ഉപയോഗിക്കുന്ന തുകലിന്റെ വലിപ്പം കനം എന്നിവയെ ആശ്രയിച്ച് 1 മുതൽ 20 വരെ കൊഡെക്സിലാണ് 66 പുസ്തകങ്ങൾ എഴുതി സൂക്ഷിച്ചിരുന്നത്.

കൊഡെക്സിന്റെ കണ്ടുപിടുത്തം മറ്റൊരു പ്രവണതയ്ക്ക് കൂടി വഴി തെളിച്ചു. ആ പ്രവണത ഇന്നും തുടരുന്നു. വ്യാഖ്യാനഗ്രന്ഥങ്ങളോട് താല്പര്യവും സമർപ്പണവുമുള്ള യഹൂദന്മാരുടേയും ക്രിസ്ത്യാനികളുടെയും എണ്ണം വർദ്ധിച്ചതോടെ സ്റ്റഡി ബൈബിളുകളുടെ രൂപീകരണത്തിനു അതു മുഖാന്തരമായി . ഈ സ്റ്റഡി ബൈബിൾ ശ്രേണിയിലെ ആദ്യ പുസ്തകം ഒറിഗൻ എന്ന സഭാപിതാവ് തയ്യാറാക്കിയ ഹെക്സപ്ലാ (Hexapla) എന്നപ പുസ്തകമാണ്. എബ്രായ പഴയനിയമത്തിന്റെ ആറ് പതിപ്പുകൾ ഒരുമിച്ച് ചേർത്ത് ആദ്യത്തെ സമാന്തര പഠനബൈബിൾ (Parallel Study Bible) താൻ തയ്യാറാക്കി. ഇന്നു നാം കണ്ടു വരുന്നതുപോലെ ആളുകൾക്ക് സ്റ്റഡി ബൈബിളിനോട് പ്രത്യേക താല്പര്യം ഉണ്ടാകുന്നതിനു അത് വഴി തെളിച്ചു. പഴയനിയമത്തോടൊപ്പം തന്നെ വചനപഠനത്തിനു ഉപകരിക്കുന്ന പുസ്തകങ്ങളും ചേർത്തുള്ള പഴയനിയമ കൊഡെക്സുകൾ പലതും വെളിച്ചത്തു വന്നുകൊണ്ടിരിക്കുന്നു. ഈ കൊഡെക്സുകൾ കൈവശമുണ്ടായിരുന്നവർ തിരുവെഴുത്തും അതിനോടൊപ്പം നൽകപ്പെട്ടിരുന്ന പഠനകുറിപ്പും വേർതിരിച്ച് കാണുകയും മനസ്സിലാക്കുകയും ചെയ്തിരുന്നു എന്ന് ഇന്ന് ലഭ്യമായിരിക്കുന്ന കൊഡെക്സുകളുടെ വെളിച്ചത്തിൽ മനസ്സിലാക്കാവുന്നതാണ്.

ഉദാഹരണത്തിന്, വുൾഗാത്താ പരിഭാഷ (Latin Vulgate) എഴുത്തുകാരനും ദൈവശാസ്ത്രജ്ഞനുമായ ജെറോം എബ്രായ ബൈബിളിനെ സാധാരണക്കാരനു പോലും മനസ്സിലാകുന്ന ലളിതമായ ലത്തീൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി. താൻ എബ്രായ തിരുവെഴുത്തിനോടൊപ്പം അപ്പോക്രിഫാ പുസ്തകങ്ങളിൽ ചിലതും കൂട്ടിച്ചേർത്തു. എന്നാൽ അപ്പോക്രിഫാ പുസ്തകങ്ങൾ കാനോനികമല്ലെന്നും തിരുവെഴുത്തിന്റെ ഭാഗമല്ലെന്നും പഠനത്തിനു വേണ്ടിയാണെന്നും താൻ വുൾഗാത്തായുടെ മുഖവുരയിൽ തന്നെ ചേർത്തിരുന്നു. ബി.സി. 200ൽ ചൈനക്കാർ പേപ്പർ കണ്ടുപിടിച്ചതുമൂലം ബി.സി. 400ൽ ജെറോം വുൾഗാത്താ എഴുതിയപ്പോൾ അവയുടെ പകർപ്പുകൾ ധാരാളമായി ഉണ്ടാക്കുവാനും ലോക വ്യാപകമായി വിതരണം ചെയ്യുവാനും സാധിച്ചു.

വുൾഗാത്തായെ തുടർന്ന് അനേകം പഴയനിയമ പരിഭാഷകൾ തയ്യാറാക്കപ്പെട്ടു. അവയിൽ പലതിലും അപ്പോക്രിഫാ ഗ്രന്ഥങ്ങൾ വുൾഗാത്തായെ പിൻപറ്റി കൂട്ടുചേർക്കപ്പെട്ടു. എന്നാൽ വുൾഗാത്തായിൽ എന്ന പോലെ കാനോനിക ഗ്രന്ഥങ്ങളായ 39 പുസ്തകങ്ങളിൽ നിന്നും പ്രത്യേക വിഭാഗമായാണ് അവയെ ചേർത്തത്. തന്മൂലം വായനക്കാർക്ക് കാനോനികവും അല്ലാത്തതുമായ പുസ്തകങ്ങൾ സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടായിരുന്നു. തുടർന്നുള്ള 1150 വർഷങ്ങൾ ഈ രീതി തുടർന്നു. അതിനു ശേഷം പ്രൊട്ടസ്റ്റന്റ് സഭയ്ക്കെതിരായ നടപടി എന്ന നിലയിൽ റോമൻ കത്തോലിക്കാ സഭ ട്രെൻഡ് കൗൺസിൽ എന്ന പേരിൽ ഒരു സമ്മേളനം വിളിച്ചു ചേർത്തു. ഇറ്റലിയിലെ ടൊറോൻഡോ എന്ന സ്ഥലത്ത് 1545 ഡിസംബർ 13 നും 1563 ഡിസംബർ 4 നും ഇടയിൽ 25 സെഷനുകളായാണ് ഈ കൗൺസിൽ നടന്നത്. പ്രൊട്ടസ്റ്റന്റ് പഠിപ്പിക്കലുകളെയും നിലപാടുകളെയും അടിമുടി എതിർക്കുക എന്നതായിരുന്നു പ്രഖ്യാപിത ലക്ഷ്യം. പ്രൊട്ടസ്റ്റന്റ്

സമൂഹം ബൈബിൾ മാത്രം (സോളാ സ്ക്രിപ്ച്ചുറാ) എന്ന ആപ്തവാക്യം ഉയർത്തിക്കാണിക്കുകയും, കത്തോലിക്കർ പിന്തുടരുന്ന പല ആചാരങ്ങളും വചനത്തിനു വെളിയിൽ നിന്നുമുള്ളതാകയാൽ തങ്ങളുടെ നിലനിൽപ്പിനുവേണ്ടി ബൈബിളിനോട് പലതും കൂട്ടിച്ചേർക്കേണ്ടത് ആവശ്യമായി വരുന്നു.

അന്നു ലഭ്യമായ പഠനഗ്രന്ഥങ്ങളെ പരിശോധിച്ച്, ചർച്ചകൾ ചെയ്തു 7 പുസ്തകങ്ങളെകൂടി കത്തോലിക്കർ എ.ഡി 1564ൽ തങ്ങളുടെ പഴയനിയമ കാനോന്റെ ഭാഗമായി പ്രഖ്യാപിച്ചു. ഇന്നു കത്തോലിക്കാ ബൈബിളിൽ പഴയനിയമത്തിന്റെ ഭാഗമായി കാണുന്ന അധിക പുസ്തകങ്ങൾ (അപ്പോക്രിഫാ) ഒറിജിനൽ പഴയനിയമത്തിന്റെ ഭാഗമായിരുന്നില്ല എന്ന് അർത്ഥം. പഴയനിയമ തിരുവെഴുത്ത് എഴുതപ്പെട്ട സമയത്ത് അവ അതിൽ ഉൾപ്പെട്ടിരുന്നില്ല. നമ്മുടെ കർത്താവും അപ്പോസ്തലന്മാരും കാനോനെപരാമർശിച്ച് ന്യായപ്രമാണവും പ്രവാചകന്മാരും സങ്കീർത്തനങ്ങളും (തോറാ നബീം, കെത്തൂബിം) എന്ന് വ്യക്തമാക്കിയപ്പോൾ ഈ ഗ്രന്ഥങ്ങൾ അതിൽ ഉൾപ്പെട്ടിരുന്നില്ല. യഹൂദ ചരിത്രത്തിൽ 1900 വർഷങ്ങളും ക്രിസ്തീയ ചരിത്രത്തിൽ 1500 വർഷങ്ങളും 39 പുസ്തകങ്ങൾ മാത്രം കാനോനികം എന്നത് വ്യക്തതയോടെ മനസ്സിലാക്കിയിരുന്ന സംഗതിയാണ്. 1900 വർഷങ്ങൾ യഹൂദന്മാർ മുറുകെ പിടിച്ചിരുന്ന 39 കാനോനിക ഗ്രന്ഥങ്ങളോട് കത്തോലിക്കാ സഭ കൂട്ടുചേർക്കാൻ മനസ്സുവെച്ചത് പ്രൊട്ടസ്റ്റന്റ് മൂവ്മെന്റിനോടുള്ള വിരോധവും നിൽനിൽപ്പിനു വേണ്ടിയുള്ള ആഗ്രഹവും മൂലവുമാണ്.

ബി.സി. 400 ൽ മലാഖി പുസ്തകം എഴുതപ്പെട്ടതോടു കൂടി പഴയനിയമ കാനോൻ പൂർണ്ണമായി. അക്കാലത്തുണ്ടായിരുന്ന പ്രവാചകന്മാർ യഹൂദന്മാരോട് ഇക്കാര്യം വ്യക്തമാക്കിയിരുന്നു. ദൈവഭക്തരായ യഹൂദന്മാർ ഇക്കാര്യം വ്യക്തമായി മനസ്സിലാക്കിയിരുന്നതിനാൽ കാനോനിക പുസ്തകങ്ങളും കാനോനികമല്ലാത്ത പുസ്തകങ്ങളും ഏതെന്നത് സംബന്ധിച്ച് സംശയം അവർക്കുണ്ടായിരുന്നില്ല. ഇക്കാലത്തെപ്പോലെ എക്കാലത്തും കാനോനികവും അല്ലാത്തതുമായ പുസ്തകങ്ങൾ യഹൂദന്മാരും ക്രിസ്ത്യാനികളും ഉപയോഗിച്ച് വന്നിരുന്നു.എ ന്നാൽ1 564ൽ ക ത്തോലിക്കർ അപ്പോക്രിഫാ പുസ്തകങ്ങളെ വേദപുസ്തക കാനോനിന്റെ ഭാഗമായി പ്രഖ്യാപിക്കുകയും അതിലെആ ശയങ്ങൾദ ൈവവചനമെന്നന ിലയിൽ പിന്തുടരുകയും ചെയ്യുന്നു. എന്നാൽ പഴയനിയമ കാലത്തെ പ്രവാചകന്മാരുടെയോ, യേശുക്രിസ്തുവിന്റെയോ, അപ്പോസ്തലന്മാരുടെയോ അംഗീകാരം ഈ പുസ്തകങ്ങൾക്ക് ഇല്ല എന്ന യാഥാർത്ഥ്യം നാം ഓർത്തിരിക്കേണ്ടതുണ്ട്. ആകയാൽ അപ്പോക്രിഫാ ഗ്രന്ഥങ്ങൾ വേദപുസ്തക കാനോനിന്റെ/ തിരുവെഴുത്തിന്റെ ഭാഗമല്ല. ●

## പ്രാർത്ഥനയ്ക്ക്

**തൃശ്ശൂർ** : അതിരപ്പിള്ളി ക്രിസ്ത്യൻ ബ്രദറൺ സഭയിലെ സഹോദരന്മാർ അറിയിക്കുന്നത്. ദൈവകൃപയാൽ അതിരപ്പിള്ളി തുടങ്ങി മലക്കപ്പാറ വരെ നീണ്ട് കിടക്കുന്ന തൃശ്ശൂർ ജില്ലയുടെ കിഴക്കൻ മലയോരമേഖലയിൽ നടന്നുവരുന്ന സുവിശേഷപ്രവർത്തനങ്ങൾ അനുഗ്രഹമായി നടന്നു വരുന്നു. അതിരപ്പിള്ളിയിൽ ഒരു സഭാകൂടി വരവ് ആരംഭിച്ചിട്ട് ഏകദേശം ഒന്നരവർഷം പിന്നിടുന്നു. അതിരപ്പിള്ളി പഞ്ചായത്തിനെ കേന്ദ്രീകരിച്ചാണ് സഭയുടെ പ്രവർത്തനങ്ങൾ പ്രധാനമായും നടന്നുവരുന്നത്.

**ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ**

എല്ലാ ഞായറാഴ്ചയും വൈകീട്ട് 3 മണി മുതൽ 6 മണി വരെ അങ്കമാലി പടിഞ്ഞാറെ ചർച്ചിൽ നിന്നും ചില സഹോദരന്മാർ കടന്നുവന്ന് ഇവിടെയുള്ള സഭയോട് ചേർന്ന് കണ്ണംകുഴി, പിള്ളപ്പാറ, പ്ലാന്റേഷൻ ക്വോർട്ടേഴ്സ്, വെറ്റിലപ്പാറ എന്നിവിടങ്ങളിൽ തുടർച്ചയായി ഭവനസന്ദർശനം നടത്തിവരുന്നു. കൂടാതെ മലക്കപ്പാറ എന്ന സ്ഥലത്ത് 2013 സെപ്തംബർ മാസത്തിൽ സുവിശേഷ പ്രവർത്തനം ആരംഭിച്ചു. 2013 ഡിസംബർ 25-ന് തൃശ്ശൂർ വൈ.എം.ഇ.എഫ് യൂണിറ്റിന്റെ നേതൃത്വത്തിൽ അങ്കമാലി പടിഞ്ഞാറെ സഭയിൽ നിന്നും മഞ്ഞപ്ര, കളമശ്ശേരി എന്നി സഭയിലെ സഹോദരന്മാരും ചേർന്ന് ഒരു പ്രവർത്തനം നടത്തി. ഏഴുപേർ രക്ഷിക്കപ്പെട്ടു. തുടർന്ന് എല്ലാ മാസവും രണ്ടു പ്രാവശ്യവും തുടർമാനമായി അവിടെ പ്രവർത്തനം നടത്തി വരുന്നു. 2014 ഫെബ്രുവരി 8,9 (ശനി, ഞായർ ദിവസങ്ങളിൽ അതിരപ്പിള്ളിയിൽ സുവിശേഷയോഗം നടത്താൻ ആഗ്രഹിക്കുന്നു. ബ്രദർ ബാബു തോമസ് അങ്കമാലി, കെ.സി. സൈമൺ തേശ്ശേരി എന്നിവർ വചനം ശുശ്രൂഷിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങളെ ഓർത്ത് ദൈവജനം പ്രത്യേകം പ്രാർത്ഥിച്ചാലും

എന്ന് സഭയ്ക്കുവേണ്ടി – സുവി. കെ.പി. ജോസ്, കെ.വൈ. അബ്രഹാം.

# കാനോൻ
## ചില ചോദ്യങ്ങളും അവയ്ക്കുള്ള മറുപടിയും

ഡോ. ജോൺസൺ സി. ഫിലിപ്പ്

വേദപുസ്തക നിഷേധികളായവർ ഉന്നയിക്കുന്ന ചില ചോദ്യങ്ങൾ വേദപുസ്തക വിശ്വാസികളായ വർക്കും ഉള്ളിന്റെയുള്ളിൽ ചോദ്യങ്ങളായി നില നിൽക്കുന്നു. അവസരം വരുമ്പോൾ അവ സട കുടഞ്ഞു എഴുന്നേൽക്കുകയും ദോഷഫലങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ആകയാൽ അത്തരം ചില ചോദ്യങ്ങൾക്ക് കൂടി മറുപടി നൽകി കാനോൻ എന്ന വിഷയം അവസാനിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

**ചോദ്യം 1 : മോശെയുടെ കാലത്ത് എഴുത്ത് വിദ്യ ഉണ്ടായിരുന്നോ?**

**ഉത്തരം** : ഏദൻ തോട്ടം മുതൽ ഇന്നയോളം ദൈവ വചനം ചോദ്യം ചെയ്യപ്പെടുന്നു. എ.ഡി. 20, 21 നൂറ്റാണ്ടുകളായപ്പോഴേക്കും ഈ ആക്രമണ ത്തിന്റെ അളവ് പതിന്മടങ്ങ് വർദ്ധിച്ചുവെന്ന് മാത്ര മല്ല, ക്രിസ്തീയ വിശ്വാസികൾ പോലും ദൈനംദി നമുണ്ടാകുന്ന ഈ വിധ ആക്രമണത്തിൽ പകച്ചു പോകാറുണ്ട്. മോശെയുടെ കാലത്ത് എഴുത്ത് വിദ്യ ഇല്ലായിരുന്നുവെന്നും എഴുത്തുപകരണ ങ്ങൾ ഇല്ലായിരുന്നുവെന്നുമുള്ള അവകാശവാദ ത്തിൽ നിന്നുകൊണ്ട് മോശെ ബൈബിളിലെ ആദ്യത്തെ അഞ്ച് പുസ്തങ്ങൾ എങ്ങനെ എഴുതി എന്ന് പലരും ചോദിക്കുന്നു . ഇത് ശരിയെന്ന് ഒറ്റ നോട്ടത്തിൽ ചിന്തിച്ചുപോകും. എന്നാൽ സത്യം എന്തെന്നു ക്രിസ്ത്യാനികൾ അറിഞ്ഞിരിക്കണം.

മോശെയുടെ കാലത്ത് എഴുത്ത് വിദ്യ ഇല്ലായി രുന്നു എന്നതാണ് വിമർശകർ കൊണ്ടുവരുന്ന ആദ്യ ആരോപണം. ഇതു തികച്ചും തെറ്റായ ഒരു ആരോപണമാണ്. കാരണം മോശയുടെ കാലഘട്ട ത്തിലുള്ള ആയിരക്കണക്കിനു കല്ഫലകങ്ങൾ ഈജിപ്റ്റിൽ നിന്നും പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. മോശെയ്ക്ക് മുൻപ് തന്നെ എഴുതപ്പെട്ട ഫലകങ്ങളും കണ്ടെത്തിയിട്ടുണ്ട്. 1970 ൽ പുരാവസ്തു ഗവേഷകർ മോശെയ്ക്ക് 1000 വർഷങ്ങൾക്ക് മുൻപ് എഴുതപ്പെട്ട എബ്ലാ ടാബ്ല റ്റസ് എന്നറിയപ്പെടുന്ന ഇരുപതിനായിരത്തോളം ഫലകങ്ങൾ കണ്ടെത്തി. പുരാതനവിവരങ്ങളട ങ്ങിയ ആ ഫലകങ്ങളിൽ പലതും അതിനും 1000 വർഷങ്ങൾക്ക് മുൻപ് എഴുതപ്പെട്ട വിഷയങ്ങളുടെ പകർപ്പായിരുന്നു. മോശെയ്ക്കും 2000 വർഷ ങ്ങൾക്കു മുൻപ് തന്നെ മനുഷ്യർ വിവരങ്ങൾ എഴുതിസൂക്ഷിക്കുന്നതിനുള്ള വിദ്യ കൈവശ മാക്കിയിരുന്നു എന്ന് ഈ കണ്ടെത്തൽ തെളി യിക്കുന്നു. ഈജിപ്റ്റിലെ ഉന്നതരായ അധ്യാ പകരുടെ കൈക്കീഴിൽ മോശെ വിദ്യ അഭ്യസി ച്ചതിനാൽ താൻ പ്രഗത്ഭനായ ഒരു എഴുത്തു കാരനായിരുന്നു എന്നു ന്യായമായും മനസ്സി ലാക്കാവുന്നതാണ്. ഈജിപ്തിലെ അടുത്ത ഫറവോൻ എന്ന നിലയ്ക്ക് 40 വർഷം പരിശീ ലനം നേടിയ താൻ അക്കാലത്ത് ഈജി പ്റ്റിന്റെ ഭരണത്തിങ്കീഴിലിരുന്ന പല രാജ്യങ്ങ ളിലെ ഭാഷയും നന്നായി കൈകാര്യം ചെയ്യാൻ അഭ്യസിച്ചിരുന്നു എന്നു മനസ്സിലാ ക്കാം. ആകയാൽ, മോശെയുടെ കാലത്ത് എഴുത്ത് വിദ്യ നിലവിലില്ലായിരുന്നു എന്നത് തികഞ്ഞ അജ്ഞതയും സത്യത്തെ നിരാകരി ക്കലുമാണ്.

രണ്ടാമത്തെ ആരോപണം എന്നത്, മോശെ യുടെ കാലത്ത് എഴുത്തുപകരണങ്ങൾ ഇല്ലാ യിരുന്നു എന്നതാണ്. ഇതും തെറ്റിദ്ധാരണ മാത്രമാണ്. മാംസഭുക്കുകളായിരുന്ന യഹൂദ ന്മാരുടെ ഇടയിൽ ആടുമാടുകളെ ധാരാള മായി കൊന്നിരുന്നു. അതുപോലെ തന്നെ ധാരാളം മൃഗങ്ങളെ യാഗമർപ്പിക്കുകയും ചെയ്തിരുന്നു. അവയുടെ തുകലുകൾ കഴുകി വൃത്തിയാക്കി, സമചതുരമാക്കി മുറിച്ച് അവയെ കൂട്ടിത്തുന്നി വലിയ തുകൽച്ചുരുളുകൾ അവർ ഉണ്ടാക്കി. ആണി കൾ പോലുള്ള ഉപകരണങ്ങൾ കൊണ്ട് അവ യിൽ എഴുതി സൂക്ഷിക്കുന്ന പതിവ് അവർക്കു ണ്ടായിരുന്നു. ചെറുതും വലുതുമായ ഇത്തരം ചുരുളുകളിൽ അവർ ജീവിതത്തിലെ പ്രധാനവിഷയങ്ങൾ കുറിച്ച് വെച്ചിരുന്നു. എഴുത്തുകൾ ദീർഘകാലം നിലനിൽക്കുന്ന തിനുള്ള വിദ്യകളും അവർ കണ്ടെത്തിയിരു ന്നു. കൂടാതെ ഈജിപ്തിൽ സുലഭമായി ലഭി ച്ചിരുന്ന പാപ്പിറി എന്ന ചെടിയുടെ ഇളം തണ്ടിലും എഴുതാമെന്ന് പുരാതനമനുഷ്യർ കണ്ടെത്തിയതുകൊണ്ട് അതും എഴുത്തുപക രണമായി ധാരാളമായി ഉപയോഗിക്കപ്പെട്ടു. അങ്ങനെഎഴുതപ്പെട്ട ലിഖിതങ്ങളാണ് പാപ്പി റസ് എന്ന് ഇന്നറിയപ്പെടുന്നത്. ഇന്നത്തെ പേപ്പറിന്റെ പ്രാചീനരൂപമാണ് പാപ്പിറസ്. ഇസ്രായേൽ ജനം ഈജിപ്തിലായിരുന്ന സമ യത്ത് പാപ്പിറസ് ഉണ്ടാക്കുന്നതിലും അതിൽ എഴുതുന്നതിലും പ്രാവീണ്യം ലഭിച്ചവരായി രുന്നു എന്നു മനസ്സിലാക്കാവുന്നതാണ്.

യിസ്രായേല്യരിൽ വലിയൊരു പങ്കും അക്ഷരാഭ്യാസമുള്ളവരായിരുന്നതും ശാസ്ത്രിമാരും സർക്കാർ ഉദ്യോഗസ്ഥരും അവരുടെയിടയിൽ ധാരാളമുണ്ടായിരുന്നതു കൊണ്ടും എഴുതുന്നതിനുള്ള ഉപകരണങ്ങൾ സുലഭമായിരുന്നതു കൊണ്ടും ധാരാളം പുസ്തകങ്ങൾ അവർ എഴുതുവാനിടയായി. അവയിൽ ചിലതിനെക്കുറിച്ച് തിരുവെഴുത്ത് പരാമർശിക്കുന്നുണ്ട്.

1. യഹോവയുടെ യുദ്ധപുസ്തകം സംഖ്യ 21:14,15
2. ശൂരന്മാരുടെ പുസ്തകം യോശുവ 10:13, 2 ശമു 1:18
3. ശലോമോന്റെ വൃത്താന്ത പുസ്തകം 1 രാജാ. 11:41
4. നാഥാൻ പ്രവാചകന്റെ പുസ്തകം 1 ദിന. 29:29
5. ദർശകനായ ഗാദിന്റെ വൃത്താന്തം 1 ദിന. 29:29
6. ഇദ്ദോ ദർശകന്റെ വൃത്താന്തം 2 ദിന12:1
7. വൃത്താന്തപുസ്തകം എസ്രാ. 4:15

യഹൂദന്മാരുടെയും മറ്റ് ജാതികളുടേതുമായ നിരവധി പുസ്തകങ്ങളെക്കുറിച്ചുള്ള പരാമർശം പഴയനിയമത്തിൽ കാണാം. ബൈബിൾ എഴുതപ്പെട്ട കാലയളവിൽ എത്ര ഉന്നതമായ എഴുത്ത് വിദ്യ നിലവിൽ ഉണ്ടായിരുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. പുതിയ നിയമത്തിലും ബൈബിളിനു വെളിയിലുള്ള എഴുത്തുകളെക്കുറിച്ച് നാം കാണുന്നു.

1. യേശുക്രിസ്തുവിനെക്കുറിച്ച് ഒരു ചരിത്രം ചമയ്ക്കുവാൻ പലരും ശ്രമിച്ചിരുന്നു. ലൂക്കോ. 1:1-4
2. കൊരിന്ത്യർക്ക് പൗലോസ് എഴുതിയ മറ്റ് ലേഖനങ്ങൾ 1 കൊരി 5:9,11
3. കൊരിന്ത്യർ പൗലോസിന് എഴുതിയ ലേഖനങ്ങൾ 1 കൊരി 7:1
4. ലവുദിക്യകാർക്ക് എഴുതിയ ലേഖനം കൊലോ 4:16
5. പൗലോസിന്റെ പേരിലുള്ള വ്യാജ ലേഖനങ്ങൾ 2 തെസ്സ. 2:2
6. പൂർവ്വന്മാരുടെ സമ്പ്രദായം. മത്തായി. 15:2,3,6 (യഹൂദ മതനേതാക്കന്മാർ എഴുതിയ മിഷ്ന എന്നറിയപ്പെടുന്ന എഴുത്തുകളെക്കുറിച്ചുള്ള പരാമർശമാണിത്)
7. പുസ്തകങ്ങളും ചർമ്മലിഖിതങ്ങളും 2 തിമോ 4:13.

അപ്രകാരം മോശെ പഞ്ചഗ്രന്ഥങ്ങൾ എഴുതുവാനിടയില്ലെന്നും അക്കാലത്ത് എഴുത്ത് വിദ്യ നിലവിലില്ലായിരുന്നുവെന്നുമുള്ള നിഗൂഢവാദികളുടെയും വേദവിപരീതികളുടെയും വാദം കഴമ്പില്ലാത്തതെന്നു തെളിയുന്നു. മോശെയ്ക്കും ഏകദേശം 2000 വർഷങ്ങൾക്കു മുൻപ് തന്നെ എഴുത്ത് വിദ്യയും എഴുത്തുപകരണങ്ങളും മനുഷ്യർ വികസിപ്പിച്ചെടുത്തിരുന്നു. എഴുത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അനേകർ പഴയനിയമ കാലത്ത് ഉണ്ടായിരുന്നു. വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നതിന്റെ പ്രസക്തി അക്കാലത്തെ ആളുകൾ പ്രത്യേകിച്ചും അഭ്യസ്തവിദ്യർ നന്നായി മനസ്സിലാക്കിയിരുന്നു.

**ചോദ്യം 2 : ബൈബിളിൽ പല പുസ്തകങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ കാണുന്നു. എന്നാൽ ആ പുസ്തകങ്ങൾ ബൈബിളിൽ ചേർക്കാത്തത് എന്തുകൊണ്ട്?**

**ഉത്തരം:** ബൈബിളിൽ പല പുസ്തകങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും ചിലതിൽ നിന്നുള്ള ഉദ്ധരണികളുമുണ്ട്. ഈ പുസ്തകങ്ങളെ എന്തുകൊണ്ട് ബൈബിളിൽ കാണുന്നില്ല എന്ന് പലരും വേദപുസ്തകത്തിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നതിനായി ചോദിക്കാറുണ്ട്.

ഒരു പുസ്തകത്തെക്കുറിച്ചുള്ള പരാമർശമോ, ഉദ്ധരണിയോ കാണുമ്പോൾ ആ പുസ്തകം ബൈബിളിൽ കാണണമെന്ന തെറ്റായ നിഗമനത്തിൽ നിന്നുമുയരുന്ന ചോദ്യമാണിത്. വേദപുസ്തകപരമായി യാതൊരടിസ്ഥാനവുമില്ലാത്ത തെറ്റായ ഒരു ചിന്താഗതിയാണിത്. ബൈബിളിൽ വളരെയധികം പുസ്തകങ്ങളെക്കുറിച്ചും എഴുത്തുകളെക്കുറിച്ചും പരാമർശിക്കുന്നുണ്ടെങ്കിലും വളരെ ചുരുക്കം പുസ്തകങ്ങളിൽ നിന്നും മാത്രമേ ഉദ്ധരണികളെടുത്തിട്ടുള്ളു. ആധുനിക എഴുത്തുകാർ തങ്ങളുടെ എഴുത്തുകളിൽ ആനുകാലിക വിഷയങ്ങൾ ആധികാരികമായി അവതരിപ്പിക്കുന്നതിനായി മറ്റു ഉറവിടങ്ങളിൽ നിന്നും ഉദ്ധരണികൾ എടുത്തുപയോഗിക്കുന്നതുപോലെ ബൈബിളിലും ആനുകാലിക വിഷയങ്ങളോടുള്ള ബന്ധത്തിൽ അവ ഉദ്ധരിച്ചു എന്നതിൽ കവിഞ്ഞ് ആ പുസ്തകങ്ങൾക്കോ എഴുത്തുകൾക്കോ ദൈവശ്വാസീയത തിരുവെഴുത്ത് കല്പിക്കുന്നില്ല.

ഉദാഹരണത്തിനു, എല്ലാവിധ വാർത്തകളും പ്രസിദ്ധീകരിക്കുന്ന ഒരു വർത്തമാനപത്രം നമുക്ക് എടുക്കാം. അത്തരം പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യുന്ന വാർത്തകളെയോ പ്രവർത്തനങ്ങളെയോ , റിപ്പോർട്ട് ചെയ്തു എന്ന കാരണത്താൽ ആ പത്രം അനുമോദിക്കുന്നു എന്നില്ല. ഒരു പത്രം എന്ന നിലയിൽ വിഷയം റിപ്പോർട്ട് ചെയ്തു എന്നതിൽ കവിഞ്ഞ് ആ വിഷയവുമായി

പത്രത്തിനു കടപ്പാടുകളില്ലല്ലോ. അതുപോലെ തന്നെ, ഏദൻ തോട്ടത്തിൽ സാത്താൻ പറഞ്ഞ വാക്കുകളും, ദൈവദൂതന്മാരോടൊപ്പം നിന്ന സാത്താൻ ഇയ്യോബിനെക്കുറിച്ച് പറയുന്ന വാക്കുകളും, മറ്റു പലരുടെയും വ്യാജവർത്തമാനങ്ങളും ഉദ്ധരിക്കുമ്പോൾ ബൈബിൾ അവയെ അനുമോദിക്കുകയല്ല. സന്ദർഭോചിതമായി വിഷയത്തിന്റെ ആധികാരികത വിശദീകരിക്കുന്നതിനായി ഉദ്ധരിക്കുക മാത്രമാണ് ചെയ്യുന്നത്. ബൈബിളിൽ രണ്ട് ഡസണിലധികം പുസ്തകങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഇവയെ കാനോന്റെ ഭാഗമായി പരാമർശിക്കുന്നില്ല. സന്ദർഭോചിതമായി പരാമർശിച്ചു എന്ന് മാത്രമേയുള്ളു.

പുതിയനിയമത്തിൽ വിജാതീയരായ തത്വചിന്തകന്മാരെയും അവരുടെ ചില തത്വചിന്തകളെയും കുറിച്ചുള്ള പരാമർശമുണ്ട്. ആ വിജാതീയ ചിന്തകരെ ദൈവജനമായും അവരുടെ തത്വങ്ങളെ ദൈവവചനമായും അവതരിപ്പിക്കുന്നതിനല്ല അവരെ ദൈവവചനത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. ആധുനിക കാലത്ത് എഴുത്തുകാർ മറ്റുള്ളവരുടെ എഴുത്തുകൾ ഉദ്ധരിക്കുന്നതുപോലെ പ്രത്യേക ഉദ്ദേശത്തോടെ ഉദ്ധരിച്ചിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. അപ്ര. 17:18 ൽ നാം ഇപ്രകാരം വായിക്കുന്നു. എപ്പിക്കൂര്യരും സ്തോയിക്കരും ആയ തത്ത്വജ്ഞാനികളിൽ ചിലർ അവനോട് വാദിച്ചു. ഈ വിടുവായൻ എന്തുപറയുവാൻ പോകുന്നു എന്നു ചിലരും അവൻ യേശുവിനെയും പുനരുത്ഥാനത്തെയും പ്രസംഗിക്കുക കൊണ്ട്, ഇവൻ അന്യദേവതകളെ ഘോഷിക്കുന്നവർ എന്നു തോന്നുന്നു എന്ന് മറ്റു ചിലരും പറഞ്ഞു. തദ്ദേശീയരായ തത്വജ്ഞാനികളുടെ ഈ പരാമർശങ്ങൾ തിരുവെഴുത്തിൽ ചേർത്തിരിക്കുന്നതിനാൽ എപ്പിക്കൂര്യരുടെയും സ്തോയിക്യരുടേതുമായ തത്വങ്ങളെ ബൈബിൾ അനുമോദിക്കുന്നു എന്നു വരുന്നില്ല.

അതുപോലെ തന്നെ കൊലോ. 4:16ൽ പൗലോസ് : “നിങ്ങളുടെ ഇടയിൽ ഈ ലേഖനം വായിച്ചു തീർന്ന ശേഷം ലവുദീക്യ സഭയിൽ കൂടെ വായിപ്പിക്കുകയും ലവൂദിക്യയിൽ നിന്നുള്ളത് നിങ്ങളും വായിക്കുകയും ചെയ്യുവിൻ ” എന്ന് പറഞ്ഞിരിക്കുന്നതിനാൽ ലവൂദിക്യക്കാർക്ക് പൗലോസ് എഴുതിയ ലേഖനം കാനോനിന്റെ ഭാഗമെന്നു വരുന്നില്ല. ധാരാളം ലേഖനങ്ങളും ലിഖിതങ്ങളും എഴുതിയ പ്രഗത്ഭനായ ഒരു സാഹിത്യകാരൻ എന്ന നിലയിൽ പൗലോസ് എഴുതിയവ എല്ലാം ദൈവശ്വാസീയമായതോ കാനോനികമായതോ അല്ല എന്നു സാരം.

വേദപുസ്തക കാനോനിൽ ധാരാളം വ്യക്തികൾ, വസ്തുക്കൾ, സംഭവങ്ങൾ, പുസ്തകങ്ങൾ, തത്വജ്ഞാനങ്ങൾ, പ്രസ്താവനകൾ , കള്ളങ്ങൾ,പ ാപംe ചയ്തദ ൂതന്മാർത ുട ങ്ങിയ വിഷയങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. കാനോനിൽ പരാമർശിക്കപ്പെട്ടു എന്ന കാരണത്താൽ അത്തരം പ്രസ്താവനകളും പുസ്തകങ്ങളും കാനോനികമാകുന്നില്ല. പ്രസ്തുത വിഷയങ്ങൾ എന്ത് ഉദ്ദേശത്തിൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കി അതേ പ്രാധാന്യത്തിൽ മാത്രം അവയെ കൈകാര്യം ചെയ്യേണ്ടതാണ്. പരാമർശിക്കപ്പെട്ട സ്ഥാനത്തിനുപരി പ്രാധാന്യം അത്തരം വിഷയങ്ങൾക്ക് നൽകുവാനുള്ള സ്വാതന്ത്ര്യം തിരുവെഴുത്ത് നമുക്ക് നൽകുന്നില്ല. പരിശുദ്ധാത്മ നിശ്വസിതങ്ങളായി നൽകപ്പെട്ട പുസ്തകങ്ങൾ ഏതെല്ലാം എന്ന് പഴയനിയമകാലത്ത് പ്രവാചകന്മാർക്കും പുതിയനിയമ കാലത്ത് പ്രവാചകന്മാർക്കും അപ്പോസ്തലന്മാർക്കും വ്യക്തമായ ബോധ്യം പരിശുദ്ധാത്മാവ് നൽകിയിരുന്നു. തന്മൂലം കാനോനികമല്ലാത്ത ഒരു പുസ്തകം പോലും തിരുവെഴുത്തിനോട് ചേർക്കപ്പെടാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.ക ാനോനികപ ുസ്തകങ്ങൾ ഒന്നുപോലും തിരുവെഴുത്തിൽ ചേർക്കപ്പെടാതെ വിട്ടുപോയിട്ടുമില്ല.

**ചോദ്യം 3 : കാനോനിൽ തെറ്റായ പുസ്തകങ്ങൾ ചേർക്കപ്പെട്ടിട്ടില്ല എന്ന് നമുക്ക് എങ്ങനെ പറയാൻ സാധിക്കും?**

**ഉത്തരം** : തിരഞ്ഞെടുക്കപ്പെട്ട ജനത്തിനുള്ള ദൈവിക വിഷയങ്ങൾ കൈമാറുന്നതിനായി ദൈവം പഴയനിയമകാലത്തെ പുരോഹിതന്മാരെയും പ്രവാചകന്മാരേയും പുതിയ നിയമകാലത്ത് പ്രവാചകന്മാരെയും അപ്പോസ്തലന്മാരെയും തിരഞ്ഞെടുത്ത് നിയോഗിച്ചിരുന്നു എന്ന് വേറൊരു ഭാഗത്ത് ഞങ്ങൾ പരാമർശിച്ചിരുന്നുവല്ലോ. ദൈവജനത്തിന്റെ ജീവിതത്തിലെ സമസ്തമേഖലകൾക്കുമുള്ള നിർദ്ദേശങ്ങൾ അവരാണ് നൽകിയിരിക്കുന്നത്. അവരുടെ നിർദ്ദേശപ്രകാരവും നായകത്വത്തിൻ കീഴിലുമാണ് ദൈവജനം ജീവിതം നയിച്ചത്. ദൈവം കല്പിച്ചതും അങ്ങനെ ആയിരുന്നു.

ദൈവജനത്തെ നയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായിെ ദവംഇ വരെ ു പയോഗിച്ചു . ദൈവം മാറ്റമില്ലാത്തവനും തെറ്റുപറ്റാത്തവനുമാകയാൽ തിരുവെഴുത്തിന്റെ രചനയോടും ക്രോഡീകരണത്തോടുമുള്ള ബന്ധ

ത്തിൽ പ്രവർത്തിച്ച ഈ ഭക്തന്മാർക്കും തെറ്റു ഭവിക്കാനിടവരാത്തവിധം ദൈവം അവരിൽ പ്രവർത്തിക്കുകയും അവർ അക്കാര്യത്തിൽ പ്രത്യേകം ജാഗ്രത പാലിക്കുകയും ചെയ്തു. ഒരു പ്രവാചകൻ ഏതെങ്കിലും കാരണവശാൽ ഒരു തെറ്റുവരുത്തിയെങ്കിൽ വേറൊരു പ്രവാച കൻ ആ തെറ്റിനെ അപ്പോൾ തന്നെ തിരുത്തിയി രുന്നു. പഴയനിയമത്തിലെ അവസാന പ്രവാച കനായിരുന്ന മലാഖി എന്തെങ്കിലും തെറ്റു വരു ത്തിയിരുന്നെങ്കിൽ യേശുവും അപ്പോസ്തല ന്മാരും അക്കാര്യം തിരുത്തുമായിരുന്നു. യേശുവോ അപ്പോസ്തലന്മാരോ പഴയനിയമ ത്തിലെഏ തെങ്കിലുംപ ുസ്തകത്തെക്കുറിച്ച് തെറ്റായ പരാമർശങ്ങൾ നടത്താതിരുന്നതിൽ നിന്നും പഴയനിയമത്തിലെ 39 പുസ്തകങ്ങളും 100% ശരിയും കാനോനികവുമെന്ന് വ്യക്തം. കാനോനികമല്ലാത്ത ഒരു പുസ്തകം പോലും പഴയനിയമത്തിലെ 39 പുസ്തകങ്ങളിൽ ഇല്ല. കാനോനികമായതൊന്നും വിട്ടുപോയിട്ടുമില്ല.

എ.ഡി എഴുപതോട് കൂടി പുതിയനിയമ കാനോൻ പൂർണ്ണമായി. കാനോനികമല്ലാത്ത തൊന്നും അതിനോട് ചേർക്കപ്പെട്ടിട്ടില്ല. കാനോനികമായതൊന്നും വിട്ടുപോയിട്ടുമില്ല. അപ്രകാരം എന്തെങ്കിലും ഒരു പിശക് സംഭവി ച്ചിരുന്നുവെങ്കിൽ എ.ഡി. 70 നും 100 നും ഇടയ്ക്ക് ജീവിച്ചിരുന്ന പ്രവാചകന്മാരും അപ്പോസ്തലന്മാരും അക്കാര്യം ചൂണ്ടിക്കാണി ക്കുമായിരുന്നു. അങ്ങനെ ആരും ചെയ്യാത്തതു കൊണ്ട് പുതിയ നിയമകാനോനും 100% പൂർണ്ണവും സത്യവുമെന്ന് വ്യക്തം.

**ചോദ്യം 4: പഴയനിയമകാനോനിക ഗ്രന്ഥ ങ്ങൾ പഴയനിയമകാലത്ത് (ക്രിസ്തുവിനു മുൻപ്) ഒരുമിച്ച് ചേർക്കപ്പെട്ടിരുന്നുവോ? അതുപോലെ പുതിയ നിയമ കാനോനിക ഗ്രന്ഥങ്ങൾ എ.ഡി. 100 നു മുൻപ് ഒരുമിച്ച് ചേർക്കപ്പെട്ടിരുന്നുവോ?**

**ഉത്തരം :** പഴയനിയമത്തിലെ 66 പുസ്തക ങ്ങളും പുതിയ നിയമത്തിലെ 27 പുസ്തക ങ്ങളും ഒരു വാല്യമായി എ.ഡി. 100 ന് മുൻപ് ഒരു പുസ്തകമാക്കാമായിരുന്നു എന്ന തെറ്റായ സങ്കല്പത്തിൽ നിന്നുമാണ് ഈ ചോദ്യം ഉന്നയിക്കപ്പെട്ടിരിക്കുന്നത്. ബൈബി ളിലെ പുസ്തകങ്ങൾ നാം ഇന്നു കാണുന്നത് പോലെ തന്നെ അവ എഴുതപ്പെട്ട സമയത്തും ആയിരുന്നു എന്ന തെറ്റായ ചിന്തയിൽ നിന്നാണ് ഇത്തരമൊരു സങ്കല്പവും രൂപം കൊണ്ടത്.

ഏ.ഡി. 100 നും വളരെ കാലത്തിനു ശേഷമാണ് ഒരു വശത്ത് തുന്നിക്കെട്ടിയ പുസ്തകങ്ങൾ നില വിൽ വന്നത്. അതുവരെയും എഴുത്തുകൾ പ്രധാ നമായും ചുരുളുകളായാണ് സൂക്ഷിച്ചിരുന്നത്. ഈ തുകൽച്ചുരുളുകൾ വലുപ്പത്തിലും ഭാര ത്തിലും വലുതായിരുന്നു. പഞ്ചഗ്രന്ഥങ്ങൾ മാത്രം തുകലിന്റെക നവുംവ ലുപ്പവുമനുസരിച്ച്5 –20 കിലോ വരെ ഭാരം വരുന്നവയായിരുന്നു. തന്മൂലം എല്ലാ പുസ്തകങ്ങളെയും ഒരു ചുരുളിലാക്കി സൂക്ഷിക്കുക പ്രായോഗികമായിരുന്നില്ല.

പുതിയനിയമത്തിന്റെ എഴുത്ത് കഴിഞ്ഞ ശേഷ മാണ് കൊഡക്സുകൾ നിലവിൽ വന്നത്. നല്ല ഗുണനിലവാരമുള്ള കട്ടികുറഞ്ഞ തുകൽ താളു കൾ ഈ കാലമായപ്പോഴേക്കും സുലഭമായി. ഇന്നു നാം പുസ്തകങ്ങൾ ബയന്റ് ചെയ്യുന്നത് പോലെ തുകൽ താളുകൾ തുന്നി പുസ്തകങ്ങളാ ക്കുന്ന രീതിയും നിലവിൽ വന്നിരുന്നു. തുകൽ ചുരുളുകളെ അപേക്ഷിച്ച് കൊഡെക്സുകൾക്ക് കനം കുറവാണെങ്കിലും 66 പുസ്തകങ്ങളെ ഒറ്റ വാല്യത്തിൽ ഉൾക്കൊള്ളിക്കുക എന്നത് അപ്രാ യോഗികമായിരുന്നു. യൂറോപ്പിൽ പേപ്പർ സുലഭ മായതോട് കൂടിയാണ് ബൈബിൾ ഒറ്റ പുസ്തക മായി ലഭിച്ച് തുടങ്ങിയത്.

പൂർവ്വകാലങ്ങളിലെ ബൈബിളിന്റെ അവസ്ഥ അറിയുവാൻ ചുവടെ ചേർക്കുന്ന ബ്രയിലി ബൈബിളിന്റെ ചിത്രം ശ്രദ്ധിക്കുക. കൊഡെക്സു



കളുടെ താളിനേക്കാളും വളരെ നേർത്ത പേപ്പർ താളുകളാണ് ബ്രയിലി ബൈബിളിൽ ഉപയോഗി ച്ചിരിക്കുന്നത്. എന്നിരുന്നാലും 20 വെവ്വേറെ വാല്യങ്ങളിലാണ് അച്ചടിച്ചിരിക്കുന്നത്. തന്നെയു മല്ല അത് അടുക്കി വയ്ക്കുന്നതിനു അലമാരയിൽ 2 മീറ്റർ സ്ഥലം ആവശ്യമായും വരുന്നു ഏക ദേശം 30 കിലോ ഭാരവും അതിനുണ്ട്.

പേപ്പർ ഏറ്റവും കനം കുറഞ്ഞ നിലയിൽ ഉണ്ടാ ക്കുവാൻ ആധുനിക മനുഷ്യനു സാധിച്ചതിനാൽ ഇന്ന് സമ്പൂർണ്ണ ബൈബിൾ പോക്കറ്റിൽ കൊണ്ടു നടക്കുവാൻ പോലും സാധിക്കുന്നു എന്നാൽ ഇന്ത്യൻ ഭാഷകളിലുള്ള ബൈബിൾ പലതും ഇപ്പോഴും വളരെ വലുപ്പമുള്ളവയാണ്. കേരള ത്തിൽ പോലും ഒരു നൂറ്റാണ്ട് മുൻപ് ബൈബിൾ തുണിയിൽ പൊതിഞ്ഞ് ചുമലിൽ കൊണ്ട് പോയി രുന്ന ചരിത്രമുണ്ട്. ഒരു നൂറ്റാണ്ട് മുൻപ് ഇതായി

*ശേഷം പേജ്..... 18*

# ബി. ബി. ഐ.
## ഞങ്ങളുടെ ജീവിതത്തിലെ സുവർണ്ണനിമിഷങ്ങൾ

ഡോ. ജോൺസൺ സി. ഫിലിപ്പ്,
ഡോ. സനീഷ് ചെറിയാൻ



*സിസ്റ്റമാറ്റിക് തിയോളജി ടീം : സനീഷ് ചെറിയാൻ, സിബി എൻ.ജെ., വിനോദ് സി.ഡി, ഷിബു കെ. പോൾ എന്നിവർ ഡോ. ജോൺസൺ സി ഫിലിപ്പിനൊപ്പം.*

കഴിഞ്ഞ 18 വർഷങ്ങളായി ഞങ്ങൾ ഒരുമിച്ച് ആത്മീക ശുശ്രൂഷാരംഗത്ത് പ്രവർത്തിച്ച് വരുന്നു. വേർപാട് മാസിക, അടിസ്ഥാന ഉപദേശ പുസ്തക സീരീസ് തുടങ്ങി ദൈവശാസ്ത്ര രംഗത്ത് സമഗ്ര സംഭാവനകൾ നൽകുവാൻ ഞങ്ങളുടെ ടീം പ്രവർത്തനത്തിനു സാധിച്ചു വരുന്നു. ഈ വിജയത്തിനു പിന്നിലെ ശക്തി എന്നത് ഞങ്ങളുടെ ടീം പ്രവർത്തനമാണ്. ഒരേ ലക്ഷ്യത്തോടും സമർപ്പണത്തോടും കൂടിയ ഒരു ടീം. വളരെ അപ്രതീക്ഷിതമായാണ് ഈ ടീം ഒന്നിച്ചത്. ആ വിഷയത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടമാണിവിടെ ഞങ്ങൾ ചെയ്യുന്നത്. 18 വർഷങ്ങൾ പിന്നിലേക്ക് ഒരു യാത്ര.

പത്തനംതിട്ടയിലുള്ള ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് 25 വർഷങ്ങളുടെ ദൈവിക പരിപാലനം സ്തോത്ര സമ്മേളനമായി ആഘോഷിക്കുമ്പോൾ അതിലുപരി സന്തോഷം ഞങ്ങൾക്കുണ്ട്. ഞങ്ങളെ ആത്മീക ശുശ്രൂഷാരംഗത്ത് ഒന്നിപ്പിച്ചത് ബിബിഐ ആണ്. ആ നാളുകൾ ഞങ്ങളുടെ ജീവിതത്തിലെ സുവർണ്ണ നിമിഷങ്ങളായിരുന്നു.


ടി.എം. ജോർജ്ജ് സാർ ഉൾപ്പെട്ട ദൈവദാസന്മാരുടെ അന്തരംഗത്തിൽ ഉരുത്തിരിഞ്ഞ ദർശനത്തിന്റെ ഫലമായ ബിബിഐ ഭാരതത്തിലെ ബ്രദറൺ സമൂഹത്തിനു ദൈവശാസ്ത്രം ക്രമീകൃതമായി പഠിക്കുന്നതിനുള്ള പ്രഥമ സ്ഥാപനമായിരുന്നു . സ്ഥാപനം ആരംഭിച്ച നാൾ മുതൽ തന്നെ (1989) ഈ സ്ഥാപനത്തിന്റെ മുന്നേറ്റത്തിൽ ഡോ. ജോൺസൺ സി.ഫിലിപ്പ് അധ്യാപകനായി പ്രവർത്തിച്ചു . നാലാമത്തെ ബാച്ചിൽ (1995) സനീഷ് ചെറിയാൻ ബി.റ്റി.എച്ച് വിദ്യാർത്ഥിയായും ചേർന്നു.

അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് ദൈവിക സ്നേഹത്തിലും സാഹോദര്യത്തിലും മുന്നേറിയ ഒരു സ്ഥാപനമായി ബിബിഐ അതിന്റെ മഹത്വം നിലനിർത്തി. ഓരോ വിദ്യാർത്ഥികളെയും സ്വന്തം മുറിയിൽ വിളിച്ച്അ വർക്കു േവണ്ടി് പ്രാർത്ഥിക്കുന്ന അധ്യാപകർ ബിബിഐയിൽ ഉണ്ടായിരുന്നു. ആദിമബാച്ചുകളുടെ വിജയത്തിനു ഈ അധ്യാപകർ മുതൽകൂട്ടായിരുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്നത് ബിബിഐയുടെ പ്രത്യേകതകളിലൊന്നാണ്. അക്കാര്യത്തിൽ മുൻപന്തിയിൽ നിന്ന വ്യക്തിയായിരുന്നു അന്ന് വൈസ്പ്രിൻസിപ്പാളായിരുന്ന ഡോ. ജോൺസൺ സി. ഫിലിപ്പ്. 1996 ൽ ഞാനും എന്റെ സഹപാഠിയായ ഷിബു കെ.പോളും ഡോ. ജോൺസൺ സി. ഫിലിപ്പിന്റെ അടുക്കൽ ഒരു പുസ്തകം എഴുതുവാനാഗ്രഹിക്കുന്നുവെന്നും സഹായിക്കണമെന്നുമുള്ള ആവശ്യവുമായി ചെന്നു. സഹായിക്കാമെന്ന് പറഞ്ഞ ശേഷം എന്തു വിഷയമാണ് നിങ്ങൾ എഴുതുവാൻ ആഗ്രഹിക്കുന്നത് എന്നു അദ്ദേഹം ഞങ്ങളോട് ചോദിച്ചു. സിസ്റ്റമാറ്റിക് തിയോളജി മലയാളത്തിൽ എഴുതുവാൻ ആഗ്രഹിക്കുന്നു എന്ന മറുപടി കേട്ട് ഒരു നിമിഷം അദ്ദേഹം നിശബ്ദനായി . ബി.റ്റി. എച്ച് രണ്ടാം വർഷം പഠിക്കുന്ന വിദ്യാർത്ഥികൾ സിസ്റ്റമാറ്റിക് തിയോളജി എഴുതുകയോ? മാസ്റ്റേഴ്സും ഡോക്ടറേറ്റും തിയോളജിയിൽ ഉള്ളവർ പോലും തയ്യാറാകാത്ത ആ പ്രൊജക്റ്റ് വിദ്യാർത്ഥികൾ ചെയ്യുന്നത് പലർക്കും ചിന്തിക്കാൻ പോലുമാകില്ലായിരുന്നു. എങ്കിലും ആ ഉദ്യമത്തിൽ പങ്കുചേരാൻ ബിബിഐയിലെ അധ്യാപകരും വിദ്യാർത്ഥി

കളിൽ ചിലരും മുൻപോട്ട് വന്നു. അങ്ങനെഒരു വർഷം കൊണ്ട് ഇന്ത്യൻ ഭാഷകളിൽ ആദ്യമായി സിസ്റ്റമാറ്റിക് തിയോളജി തയ്യാറായി. ബിബിഐയുടെ നിഴലിൽ അത് ചെയ്യുവാനിടയായി എന്നത് ബിബിഐ എന്ന സ്ഥാപനത്തിനും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരുപോലെ അഭിമാനത്തിനു വക നൽകുന്നു.

ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനായി സത്യം പബ്ലിക്കേഷൻസ് മുൻപോട്ട് വന്നു. 800ൽപരം പേജുകളുള്ള ഈ പുസ്തകം സമ്പൂർണ്ണ ദൈവശാസ്ത്രം എന്ന പേരിൽ രണ്ട് എഡിഷനുകളിലായി 5000ൽപരം കോപ്പികൾ വിറ്റഴിക്കപ്പെട്ടു. ഇതിൽ ഒരു കോപ്പി ഗൾഫിലെത്തുകയും 3 ലക്ഷത്തിൽ പരം രൂപയ്ക്ക് ലേലം ചെയ്യപ്പെടുകയും ആ തുക ഇൻഡ്യയിലെ സുവിശേഷവേലയ്ക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യപ്പെട്ടുവെന്നത് ദൈവം ഈ ദൗത്യത്തെ എല്ലാ നിലയിലും മാനിച്ചു എന്ന് വ്യക്തമാക്കുന്നു. ഈ നിലയിൽ ഒരു സംരംഭം വിജയിച്ചതിനു പിന്നിൽ ബിബിഐയുടെ ആത്മീക നിലവാരവും അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള പരസ്പരം അംഗീകരിക്കുന്ന മനോഭാവവും ഉപോത്ബലകമായി എന്നു പറയാതെ വയ്യ. ബിബിഐയിൽ അധ്യാപകരായ ഡോ. കെ.സി. ജോൺസണും പരേതനായ ശ്രീ. ഇ.കെ. ജോർജ്ജ് സാറും പുസ്തകത്തിന്റെ പ്രൂഫ് വായിച്ച് ദൈവശാസ്ത്രപരവും ഭാഷാപരവുമായ എല്ലാ നിർദ്ദേശങ്ങളും സഹായങ്ങളും നൽകി . ഞങ്ങളുടെ സഹവിദ്യാർത്ഥികളായ സാംസൺ ഡിക്രൂസ്, വിനോദ് ഡി.ഡി., സിബി എൻ.ജെ എന്നിവർ, ഞങ്ങൾ എഴുതി അദ്ധ്യാപകർ എഡിറ്റ് ചെയ്ത ഓരോ പേജുകളും പകർത്തിയെഴുതുന്നതിൽ സഹകരിച്ചു. വിദ്യാലയത്തിൽ നല്ല അന്തരീക്ഷവും , പ്രോത്സാഹിപ്പിക്കുന്ന അധ്യാപകരും ദർശനവും ചലഞ്ച് ഏറ്റെടുക്കാൻ സമർപ്പണവുമുള്ള വിദ്യാർത്ഥികളുമുണ്ടെങ്കിൽ വൻ കാര്യങ്ങൾ സാധ്യമാകുമെന്ന് ഇതു തെളിയിക്കുന്നു. അന്നുവരെ സാഹിത്യത്തിന്റെ എബിസിഡി അറിയാതിരുന്ന സനീഷ് എന്ന എനിക്ക് ഡോ. ജോൺസൺ സി ഫിലിപ്പും എന്റെ സഹപാഠിയും സ്നേഹിതനുമായ ഷിബു കെ പോളും നൽകിയ പ്രോത്സാഹനം നിമിത്തം എന്നിലെ എഴുത്തുകാരൻ വെളിച്ചം കണ്ടു. സമ്പൂർണ്ണ ദൈവശാസ്ത്രത്തിലൂടെ അരങ്ങേറ്റം കുറിച്ച ആ എഴുത്ത് ഇന്നും തുടരുവാൻ കർത്താവ് കൃപ നൽകുന്നു.

ബിബിഐയുടെ സാഹചര്യം ആത്മീക ശുശ്രൂഷകൾക്ക് ഉത്തമവേദിയായിരുന്നു എന്നതിനു




മറ്റനേകം തെളിവുകളുമുണ്ട്. ബിബിഐയിലെ അദ്ധ്യാപകനും ട്രസ്റ്റികളിലൊരാളുമായ കെ.എ. ഫിലിപ്പ് സാർ മഹാനായ പൗലോസ് എന്ന മാസ്റ്റർ പീസ് ഗ്രന്ഥം എഴുതിയപ്പോൾ അതിന്റെ പ്രൂഫ് വായിച്ച് തിരുത്തുന്നതിനും മറ്റും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സാധിച്ചു. അതുപോലെ അധ്യാപകനും ട്രസ്റ്റികളിലൊരാളുമായ ശ്രീ. എം.റ്റി ജോർജ്ജ് സാർ ദൈവ പ്രകൃതി പരിശുദ്ധാത്മാവിനു വിധേയപ്പെടുമ്പോൾ (Spirit Controlled Temperament) എന്ന പുസ്തകം പരിഭാഷപ്പെടുത്തിയതും ബിബിഐയുടെ സംഭാവനകളിൽ ഉൾപ്പെടുന്നു. ജി.എൽ.എസ് പ്രസിദ്ധീകരിച്ച സന്തുഷ്ട കുടുംബം എന്ന പുസ്തകത്തിൽ തന്റെ പങ്കാളിത്തം ഡോ. ജോൺസൺ സി ഫിലിപ്പ് നിറവേറ്റിയതും ബിബിഐയിൽ വച്ചായിരുന്നു. അതുപോലെ തന്നെ കെ.എ. ഫിലിപ്പ് സാർ എഴുതിയ ചിന്തിക്കേണ്ട ചില യാഥാർത്ഥ്യങ്ങൾ എന്ന പുസ്തകം ഹിന്ദിയിലേക്ക് പരിഭാഷപ്പെടുത്തുവാനും ബിബിഐയിൽ വെച്ച് ഡോ.

*ശേഷം പേജ്..... 21*

# വേർപാട് ക്വിസ് 23



**എസ്ഥേർ**

1. എസ്ഥേറിന്റെ പുസ്തകത്തിൽ ഇന്ത്യയ്ക്ക് പറഞ്ഞിരിക്കുന്ന പേര് എന്ത്?
2. മോർദ്ദേഖായിയുടെ പിതാവ് ആര്? മോർദ്ദേഖായിയും എസ്ഥേറും തമ്മിലുള്ള ബന്ധം എന്ത്?
3. അഹശ്വരേശ് തൂക്കിക്കൊന്ന 3 വ്യക്തികളുടെ പേരെഴുതുക
4. യഹൂദന്മാരുടെ ശത്രു എന്ന് ആരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന് എന്തു സംഭവിച്ചു.?
5. ശൂശൻ രാജധാനിയിൽ യഹൂദന്മാർക്ക് വിരോധമായി കല്പന പരസ്യം ചെയ്തതറിഞ്ഞപ്പോൾ മോർദ്ദേഖായി എന്ത് ചെയ്തു?
6. രാത്രിയിൽ ഉറക്കം വരാഞ്ഞപ്പോൾ ദിനവൃത്താന്ത പുസ്തകം വായിച്ചു കേൾപ്പിക്കുവാൻ ആവശ്യപ്പെട്ടതാര്?
7. ചണം കൊണ്ടുള്ള രക്താംബരം ധരിച്ചവൻ ആര്?
8. രാജാവ് ബഹുമാനിക്കുവാൻ ഇച്ഛിച്ച പുരുഷൻ ആരായിരുന്നു? അവന് രാജാവ് എന്തെല്ലാമാണ് ചെയ്തത്?
9. ഏതെല്ലാം ദിവസങ്ങളെയാണ് യഹൂദന്മാർ ദുഃഖം അവർക്ക് സന്തോഷമായും വിലാപം ഉത്സവമായും തീർന്ന ദിവസങ്ങളായി അവർ ആചരിക്കുന്നത്?
10. സ്വയം ഉണ്ടാക്കിയ കഴുമരത്തിൽ തൂക്കപ്പെട്ടവർ ആര്?

**ആര് ആരോട് പറഞ്ഞു?**

11. ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ
12. നിന്റെ അപേക്ഷ എന്ത്? അതു നിനക്ക് ലഭിക്കും
13. നീ പറഞ്ഞതിൽ ഒന്നും കുറച്ചു കളയരുത്
14. രാജാവ് അവളുടെ രാജ്ഞിസ്ഥാനം അവളേക്കാൾ നല്ലവളായ മറ്റൊരുത്തിക്ക് കൊടുക്കേണം.
15. നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യഹൂദന്മാർക്ക് മറ്റൊരു സ്ഥലത്തു നിന്നും ഉദ്ധാരണവും രക്ഷയും ഉണ്ടാകും. എന്നാൽ നീയും നിന്റെ പിതൃ ഭവനവും നശിച്ചുപോകും.

**ഈ ക്വിസിൽ ആർക്കും ചേരാം. ശരിയുത്തരം അടുത്ത മാസം 20 നു മുമ്പ് ലഭിക്കും വിധം അയക്കുക. ഉത്തരകടലാസിൽ പേര്, വയസ്, തൊഴിൽ, സ്ഥലം സഭ, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ ചേർക്കണം. ഉത്തരങ്ങൾക്കൊപ്പം റഫറൻസ് കൂടി നൽകുക. 12 മാസവും തുടർച്ചയായി ശരിയുത്തരം അയക്കുന്നവർക്കു സമ്മാനങ്ങൾ നൽകുന്നതാണ്.**

**അയയ്ക്കേണ്ട വിലാസം :**

**Quiz Master,** Anand Villa,
143, Maveli Nagar ,
Cochin University P.O.,
Ernakulam 682 022

ക്വിസ് 20 – ക്വിസ് സീരീസിൽ പ്രത്യേകമായി നൽകപ്പെട്ട രാജാക്കന്മാരെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ ശ്രമിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. പ്രസ്തുത വിഷയത്തിൽ ഒരു ധാരണ വേർപാട് ക്വിസിൽ പങ്കെടുക്കുന്നവർക്ക് ഉണ്ടാകുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ ക്വിസ് ആയിരുന്നു.

**ക്വിസ് 20 ന്റെ ഉത്തരം**

ഏക രാഷ്ട്രമായിരുന്ന യിസ്രായേൽ സാമ്രാജ്യം ഭരിച്ചിരുന്നത് ശൗൽ, ദാവീദ്, ശലോമോൻ എന്നീ രാജാക്കന്മാരായിരുന്നു. ശലോമോനു ശേഷം ഈ സാമ്രാജ്യം യിസ്രായേൽ, യഹൂദ എന്നീ രണ്ട് രാഷ്ട്രങ്ങളായി വേർതിരിഞ്ഞു. വടക്കേ രാഷ്ട്രമായ യിസ്രായേൽ (10 ഗോത്രങ്ങൾ) ഭരിച്ചിരുന്നത് 19 രാജാക്കന്മാരായിരുന്നു. ആ രാജാക്കന്മാരെല്ലാം ദൈവകല്പനയെ മറുതലിച്ചവരും ആ നിലയിൽ മോശം രാജാക്കന്മാരുമായിരുന്നു. നെബാത്തിന്റെ മകനായ യെരോബെയാമിന്റെ പാത പിന്തുടരുന്നവരായിരുന്നു അവർ. എന്നാൽ തെക്കെ രാഷ്ട്രമായ യഹൂദ (2 ഗോത്രങ്ങൾ- യഹൂദയും ബെന്യാമീനും)യിലെ 20 രാജാക്കന്മരാൽ 8 പേർ യഹോവയ്ക്ക് ഇഷ്ടമായതു ചെയ്തു ദാവീദിന്റെ വഴികളിൽ നടന്നവരായിരുന്നു. ബാക്കി 12 രാജാക്കന്മാർ യഹോവയ്ക്ക് അനിഷ്ടമായത് ചെയ്തവരായിരുന്നു. ശെമയി, വൃദ്ധനായ ഒരു പ്രവാചകൻ അഹിയാവ്, യോവേൽ, ഏലിയാവ്, മീഖാ, ഏലീശ, യോനാ, ആമോസ് , ഹോശെയാ, യെശയ്യാവ്, മീഖാ. നഹൂം, ഹബക്കൂക്ക്, സെഫന്യാവ്, യെഹസ്ക്കേൽ, യിരമ്യാവ് എന്നീ പ്രവാചകന്മാർ യഹോവയുടെ അരുളപ്പാടുകൾ അതതു സമയത്ത് രാജാക്കന്മാരെ അറിയിച്ചെങ്കിലും അവർയ ഹോവയുടെക ല്പനകളെത ്യജിച്ച് കളഞ്ഞു.

യിസ്രായേൽ രാജാക്കന്മാർ എല്ലാവരും മോശം രാജാക്കന്മാർ ആയിരുന്നു അവരുടെ പേരുകൾ

1. യൊരോബെയാം 1.1 രാജാ 11:26
2. നാദാബ് 1 രാജാ. 15:25

3. ബയെശാ 1 രാജാ 15:27
4. ഏലാ 1 രാജാ 16:6
5. സിമ്രി 1 രാജാ 16:10
6. ഒമ്രി 1 രാജാ 16:22
7. ആഹാബ് 1 രാജാ 16:29
8. അഹസ്യാവ് 1 രാജാ. 22:40
9. യെഹോരാം 2 രാജാ 3:1
10. യേഹു 2 രാജാ 9:2
11. യെഹോവാഹാസ് 2 രാജാ 13:1
12. യോവാശ് 2 രാജാ 13:9
13. യെരോബെയാം 2 2 രാജാ 14:23
14. സെഖര്യാവ് 2 രാജാ. 14:29
15. ശല്ലൂം 2 രാജാ 15:10
16. മെനഹേം 2 രാജാ 15:14
17. പെക്കഹ്യാവ് 2 രാജാ 15:23
18. പേക്കഹ് 2 രാജാ 15:27
19. ഹോശേയ 2 രാജാ 15:30

യഹൂദയിൽ 20 രാജാക്കന്മാരിൽ 8 പേർ നല്ലവരായിരുന്നു

**നല്ല രാജാക്കന്മാർ**

1. ആസാ 1 രാജാ 15:8
2. യെഹോശാഫാത്ത് 1 രാജാ 22:41
3. യോവാശ് 2 രാജാ 11:12
4. അമസ്യാവ് 2 രാജാ 14:1
5. അസര്യാവ് (ഉസ്സിയാവ്) 2 രാജാ 15:1
6. യോഥാം 2 രാജാ 15:32
7. ഹിസ്ക്കിയാവ് 2 രാജാ 16:20
8. യോശിയാവ് 2 രാജാ 21:26

**മോശം രാജാക്കന്മാർ**

1. രെഹബെയാം 1 രാജാ 11:43
2. അബിയാം 1 രാജാ 14:31
3. യെഹോരാം 2 രാജാ 8:16
4. അഹസ്യാവ് 2 രാജാ 8:24
5. അഥല്യാ 2 രാജാ 11:3
6. ആഹാസ് 2 രാജാ 15:38
7. മനശ്ശെ 2 രാജാ 20:21
8. ആമോൻ 2 രാജാ 21:18
9. യെഹോവാഹാസ് 2 രാജാ 23:30
10. യെഹോയാക്കീം (എല്യാക്കീം) 2 രാജാ 23:24
11. യെഹോയാഖീൻ 2 രാജാ 24:6
12. സിദെക്കിയാവ് 2 രാജാ 24:17

## തുടർച്ചയായി എല്ലാ ഉത്തരവും ശരിയാക്കിയവർ



വേർപാട് മാസികയിലെ ബൈബിൾ ക്വിസിൽ എനിക്ക് പങ്കെടുക്കുവാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. അത് എന്റെ ജീവിതത്തിൽ അനുഗ്രഹമായിത്തീർന്നു. കാരണം ബൈബിൾ വായിക്കുന്നതിനും പഠിക്കുന്നതിനും എന്നെ വളരെ അധികം സഹായിക്കുന്നുണ്ട്. ഇനിയും ദൈവം അനുവദിച്ചാൽ തുടർന്നും ബൈബിൾ ക്വിസിൽ പങ്കെടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ മാസിക അനേകർക്ക് അനുഗ്രഹമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ആനി ജോസ്**



വേർപാട് മാസിക എനിക്ക് ലഭിക്കാനിടയായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഇതിലെ ഓരോ ലേഖനങ്ങളും വളരെ ആത്മീക പ്രചോദനം നൽകുന്നവയാണ്. പ്രത്യേകിച്ചും ക്വിസ്. ഇതിലെ ഒരു അംഗമാകാൻ കഴിഞ്ഞതു മുഖാന്തരം എനിക്ക് പഴയനിയമ പുസ്തകം കൂടുതലായി പഠിക്കുവാൻ കഴിഞ്ഞു. തുടർന്നും ഈ മാസിക അനുഗ്രഹീതമായി തുടരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ജോയന്ന ബേബീസ്**

**അറിയിപ്പ്**

വേർപാട് മാസികയുടെ പത്രാധിപസമിതി അംഗങ്ങൾ ഫെബ്രുവരിയിൽ ഗ്വാളിയറിലേക്ക് മിനിസ്ട്രിക്കായി കടന്നുപോകുന്നതിനാൽ മാർച്ച് ലക്കം വേർപാട് ഉണ്ടായിരിക്കുന്നതല്ല. ഈ ലക്കം ഫെബ്രുവരി – മാർച്ച് ലക്കങ്ങൾ ഒരുമിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്.

*(പത്രാധിപർ)*

# വേർപാട് വിവാഹ വേദി
## Verpad Matrimonial

**Box No. : M 2114**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവാവ് 27 വയസ്സ് , വെളുത്ത നിറം 5.9 അടി ഉയരം, എം.ബി.എ സൗദിയിൽ ജോലി. അനുയോജ്യരായ ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ : 8113050240, 8129690844

**Box No. : M3114**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവാവ് 25 വയസ്സ്, 170 സെ.മീ ഉയരം, മിലിട്ടറിയിൽ (എം.ഇ.ജി) ജോലി. അനുയോജ്യരായ ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ : 9446119817, 8592829223

**Box No. : F 4114**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി, 22 വയസ്, 5 അടി ഉയരം, വെളുത്ത നിറം +2, എറണാകുളത്ത് ഓഫീസ് സ്റ്റാഫായി ജോലി ചെയ്യുന്നു. ഫോൺ : 9349827992.

**Box No. : F5114**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി, ബി.ടെക്, യു.എസ്. എയിൽ ജോലി ചെയ്യുന്നു. 27 വയസ്സ്, വെളുത്ത നിറം, 5.5 അടി ഉയരം, ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചകൾ ക്ഷണിക്കുന്നു. ഫോൺ : 8157866536.

**Box No. : M 6114**

ബ്രദറൺ വിഭാര്യൻ, 50 വയസ്സ്, ഗവൺമെന്റ് സ്ഥാപനത്തിൽ ജോലി, 5 ലക്ഷം രൂപ വാർഷിക വരുമാനം, സുവിശേഷവേലയിൽ തൽപ്പരൻ, 39 നും 49നും ഇടയിൽ പ്രായമുള്ള വിധവകളോ, അവിവാഹിതരോ, ആയ സഹോദരിമാരുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 8095433596.

**Box No. F 27913P**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി, 25 വയസ്സ്, 160 സെ.മി. ഉയരം, ബി,എസ്.സി. നഴ്സ്, അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ : 0469 2683203, 9526025119

**Box No. : F261013 P**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി, 24 വയസ്സ്, 5.2 അടി ഉരം, വെളുത്ത നിറം, ബി.എസ്.സി. നഴ്സായി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9495120616.

**Box No. : M 10413P**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവാവ് 43 വയസ്, 165 സെ.മീ ഉയരം, ബി.ടെക് ബാംഗ്ലൂരിൽ എഞ്ചിനീയറായി ജോലി ചെയ്യുന്നു. ആത്മീയ ദർശനമുള്ളവരും 35 വയസിൽ താഴെ പ്രായമുള്ളവരുമായ ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ : 9048738449, 0468 2270485.

**Box No. : M 7114**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിൽ തുടരുന്ന യുവാവ്, 34 വയസ്, 5.6 അടി ഉയരം, ബി.കോം. അനുയോജ്യരായ ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9349827992.

**Box No. : M8114**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിൽ തുടരുന്ന യുവാവ് 31 വയസ്, 5.5 അടി ഉയരം, എസ്.എസ്.എൽ.സി. കാർ മെക്കാനിക്, അനുയോജ്യരായ ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ 9349827992.

**Box No. : F 9114**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി, 30 വയസ്, ബി.കോം. വെളുത്ത നിറം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി, മറാത്തി, മലയാളം ഭാഷകൾ നന്നായി കൈകാര്യം ചെയ്യും. താൽപ്പര്യമുള്ളവർ damarisjacob@yahoo.com എന്ന വിലാസത്തിൽ ബന്ധപ്പെടുക

# പ്രാർത്ഥനയ്ക്ക്

**വെണ്ണിക്കുളം:** വാലാങ്കര ക്രിസ്ത്യൻ ബ്രദറൺ സഭയിൽ കുടുംബമായി കൂടി വന്ന് കർത്താവിനെആരാധിക്കുന്നവരാണ് കല്ലുവാഹയിൽ ശ്രീ. കെ.ജെ. രാജുവും കുടുംബവും. തന്റെ ഭാര്യ ആശാ രാജു (40) ന് ഹാർട്ടിന് മൂന്ന് ബ്ലോക്കുണ്ട്. മാത്രമല്ല ഹൈ ഷുഗറും. പ്രഷറും ഹൈപ്പർ തൈയ്റോയ്ഡിസവും മൂലവും വളരെ കഷ്ടപ്പെടുന്നു. ഹാർട്ടിന് അടിയന്തിരമായി ഓപ്പറേഷൻ ആവശ്യമാണ്. ഓപ്പറേഷന് ഒരു ലക്ഷത്തിയറുപതിനായിരം രൂപാ ചെലവ് വരും എന്ന് ഡോക്ടർ പറഞ്ഞിരിക്കുന്നു. തനിക്ക് ഈ ചെലവ് താങ്ങുവാൻ കഴിയുകയില്ല. കൂലിപ്പണി ചെയ്താണ് കുടുംബം പുലർത്തുന്നത്. തനിക്ക് രണ്ട് പെൺകുഞ്ഞുങ്ങളുമുണ്ട്. അവർ പഠിച്ചു കൊണ്ടിരിക്കുന്നു. ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. സഹോദരന്റെ ബാങ്ക് അക്കൗണ്ട് നമ്പർ 037305300007793, IFSC No. 0000373, South Indian Bank , Vennikulam.

സഹോദരന്റെ അഡ്രസ്സ് : കെ.കെ. രാജു, കല്ലുവാഹ വീട്, നാരകത്താനി പി.ഒ., പത്തനംതിട്ട ജില്ല, പിൻ – 689544 ഫോൺ : 9605996079

**എന്ന് സഭയ്ക്കുവേണ്ടി ഷാജൻ റ്റി.വി. (സുവിശേഷകൻ)**

## സുവിശേഷയോഗം

**അടൂർ** : അടൂർ തോമസ് കോശി മെമ്മോറിയൽ ഗോസ്പൽ ഹാളിന്റെ ചുമതലയിലും മാംകൂട്ടം സഭയുടെ സഹകരണത്തിലും 2014 ഫെബ്രുവരി മാസം 21, 22 തീയതികളിൽ (6.30 p.m. മുതൽ 9.00 p.m.) മാംകൂട്ടം ബ്രദറൺ സഭാഹാളിന്റെ സമീപം സുവിശേഷയോഗം നടത്തുവാൻ ആഗ്രഹിക്കുന്നു. വചനശുശ്രൂഷ കെ.സി. ജപസിംഗ് കാട്ടാക്കട, നിർവ്വഹിക്കുന്നതായിരിക്കും. പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ.

വിലാസം :

Evg. Johnson Sam, Emmanuel Cottage, Parakode P.O., Adoor, India

എന്ന് ഗോസ്പൽ ഹാളിനുവേണ്ടി

സുവി. ജോൺസൺ, ഫോൺ: 9446994411, സുവി. സി.ജി. ബെന്നി.

---

*തുടർച്ച പേജ്..... 12*

രുന്നു സ്ഥിതിയെങ്കിൽ 2400 വർഷങ്ങൾക്ക് മുൻപ് 39 പുസ്തകങ്ങൾ ഒറ്റ പുസ്തകമാക്കിയിരുന്നുവോ? എന്നതും 1940 വർഷങ്ങൾക്ക് മുൻപ് 66 പുസ്തകങ്ങളും ഒരുമിച്ച് ഒറ്റ വാല്യമാക്കിയിരുന്നുവോ? എന്നതും അർത്ഥശൂന്യമായ ചോദ്യമാണ്.

**ചോദ്യം 5: ഒറിജിനൽ കയ്യെഴുത്ത് പ്രതികൾ ഇന്ന് എവിടെയാണ്?**

**ഉത്തരം** : ബൈബിളിലെ ഏറ്റവും പുരാതനമായ പുസ്തകം എഴുതപ്പെട്ടത് ഏകദേശം 3500 വർഷങ്ങൾക്ക് മുൻപാണ്. ബൈബിളിലെ അവസാനപുസ്തകം എഴുതപ്പെട്ടത് ഏകദേശം 1940 വർഷങ്ങൾക്ക് മുൻപാണ്. ഇത്ര പഴക്കമുള്ള പുസ്തകങ്ങൾ ഇന്നും അതേപടി ഇരിക്കുക എന്നത് സാധ്യമല്ല (പ്രത്യേകിച്ചും ദൈനംദിനം ഉപയോഗിക്കുന്നത്) ആകയാൽ വേദപുസ്തക രചയിതാക്കൾ എഴുതിയ ഒറിജിനൽ എഴുത്തുകൾ ഒന്നും തന്നെ ഇന്ന് ലഭ്യമല്ല.

യഹൂദന്മാർ പഴയനിയമത്തിലെ 39 പുസ്തകങ്ങളുടെയും ക്രിസ്ത്യാനികൾ പുതിയ നിയമത്തിലെ 27 പുസ്തകങ്ങളുടെയും അസംഖ്യം പകർപ്പുകൾ എടുത്ത് വിതരണം ചെയ്തിരുന്നു. അവയുടെ വിശ്വാസ്യതയ്ക്ക് തെളിവായി ആരും തന്നെ ഒറിജിനൽ കൈയ്യെഴുത്ത് പ്രതികൾ ആവശ്യപ്പെട്ടിരുന്നില്ല. കാരണം പകർപ്പുകൾ അത്ര ശ്രദ്ധയോടെ തയ്യാറാക്കപ്പെട്ടതാണെന്ന അടിസ്ഥനബോധ്യം അവർക്കുണ്ടായിരുന്നു. നിയമപെട്ടകം, സമാഗമനകൂടാരം തുടങ്ങിയവ പോലുള്ള കാര്യങ്ങൾ നിലനിൽക്കാൻ ദൈവം അനുവദിച്ചുമില്ല. ആ വസ്ത്തുക്കളെ മനുഷ്യൻ പിൻക്കാലത്ത് ആരാധിക്കുമെന്നതിനാൽ ദൈവം അവയെ ഭൂമിയിൽ നിന്നും തുടച്ചുമാറ്റി.

ആധുനിക കാലത്ത് വിശുദ്ധന്മാരുടെ തലമുടി, നഖം, അസ്ഥി കഷണങ്ങൾ, (തിരുശേഷിപ്പുകൾ) ആരാധനാ വസ്ത്തുക്കളാകുന്ന രംഗം നാം കാണുന്നുണ്ടല്ലോ! വിശേഷവസ്തുക്കളെ പൂജിക്കുന്ന മനുഷ്യമനോഭാവം നന്നായി അറിയാവുന്ന ദൈവം ഒറിജിനൽ കയ്യെഴുത്ത് പ്രതികൾ സുരക്ഷിതമാക്കി വെച്ചില്ല എന്നതും ന്യായമായും ചിന്തിക്കാവുന്ന കാര്യമാണ്. പകരം, തനിപകർപ്പു

കൾ സുരക്ഷിതമായിരിക്കാൻ ദൈവം അനുവദിക്കുകയും ചെയ്തു. ഒറിജിനൽ കയ്യെഴുത്ത് പ്രതിയാണോ എന്നതല്ല പകർപ്പുകളിലൂടെ നമ്മുടെ കൈവശമെത്തിയിരിക്കുന്ന ദൈവവചനമാണ് പ്രധാനം. നമ്മുടെ കൈവശമുള്ള പകർപ്പ് ഒറിജിനലിന്റെ പകർപ്പ് തന്നെയോ എന്നറിയാൻ പകർപ്പുകളുടെ വലിയൊരു സമാഹാരം തന്നെ ദൈവം മനുഷ്യർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**ചോദ്യം 6 : കാർത്തോജിലെ കൗൺസിൽ ജാംനിയയിലെക ൗൺസിൽത ുടങ്ങിയസ ഭാ കൗൺസിലുകളാണ് കാനോൻ എന്തെന്ന് നിർണ്ണയിച്ചതെന്ന് ചിലർ പറയുന്നു. അങ്ങനെ ചെയ്യാൻ അവർക്ക് എന്ത് അധികാരമാണുള്ളത്? അവരും മനുഷ്യരായിരുന്നില്ലേ?**

**ഉത്തരം :** വേദപുസ്തക കാനോൻ നിർണ്ണയിച്ചത് സഭാ കൗൺസിലുകളാണെന്നത് തെറ്റായ ധാരണ മാത്രമാണ്. നേരെ മറിച്ച് ദൈവവുമായി നേരിട്ട് ആശയവിനിമയം നടത്തിയിരുന്ന പ്രവാചകന്മാരും അപ്പോസ്തലന്മാരുമാണ് കാനോൻ തിരിച്ചറിയുകയും സംരക്ഷിക്കുകയും ചെയ്തത്. എന്തിനേറെ പറയുന്നു. പഴയനിയമ കാനോൻ പുരോഹിതരും, പ്രവാചകന്മാരും പുതിയ നിയമ കാനോൻ പ്രവാചകന്മാരും അപ്പോസ്തലന്മാരുമാണ് കാനോനായി തിരിച്ചറിയുകയും സംരക്ഷിക്കുകയും ചെയ്തത്. പഴയനിയമ കാനോൻ പുരോഹിതരും പ്രവാചകന്മാരും സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്തുവെന്നു മാത്രമല്ല, കർത്താവ് പഴയനിയമ കാനോൻ എന്ത് എന്ന് വ്യക്തമാക്കുകയും ചെയ്തു. കാനോൻ എന്ത് എന്ന് നിർണ്ണയിക്കാനുള്ള ദൗത്യം ദൈവം ഒരു മനുഷ്യകല്പിത കൗൺസിലുകളെയും ഏൽപ്പിച്ചിട്ടില്ല. കാനോൻ അവ എഴുതപ്പെട്ട സമയം മുതൽ തന്നെ വ്യക്തതയോടെ അറിയപ്പെടുകയും സംരക്ഷിക്കപ്പെടുകയും പകർത്തിയെഴുതപ്പെടുകയും ചെയ്തു.

കാനോനിലെ പുസ്തകങ്ങളുടെ പട്ടിക പല കൗൺസിലുകളും തയ്യാറാക്കി എന്നത് ശരി തന്നെ. ഇതു ഒരു സ്കൂളിലെ അറ്റൻഡൻസ് രജിസ്റ്റർ പോലെയാണ്. ഏതൊക്കെ കുട്ടികൾ ക്ലാസിലുണ്ടെന്ന് അറിയുവാൻ ആ രജിസ്റ്റർ നോക്കി അധ്യാപകൻ പേർ വിളിക്കുമ്പോൾ മനസ്സിലാകുന്നു. എന്നാൽ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നത് ക്ലാസ് റൂമിലല്ല. അതിനു യോഗ്യരായ ഒരു കൂട്ടം ആളുകൾ യോഗ്യതാ പരീക്ഷണങ്ങൾ നടത്തി അഡ്മിറ്റ് ചെയ്യുന്നു. അഡ്മിഷൻ ലഭിച്ചവരുടെ പേർ മാത്രമേ അറ്റൻഡൻസ് രജിസ്റ്ററിലുണ്ടാകു. അതുപോലെ കാനോൻ ദൈവത്താൽ തീരുമാനിക്കപ്പെട്ടതും, അതു സംബന്ധിച്ച വിശദവിവരങ്ങൾ പ്രവാചകന്മാർ, പുരോഹിതന്മാർ, അപ്പോസ്തലന്മാർ എന്നിവരിലൂടെ നൽകപ്പെട്ടതുമാകുന്നു. ഈ പുസ്തകങ്ങൾ വേദപുസ്തക കാനോനിന്റെ ഭാഗമെന്ന് അവതരിപ്പിക്കുക (പുനരവതരിപ്പിക്കുക) മാത്രമാണ് കൗൺസിലുകൾ ചെയ്തിട്ടുള്ളത്. കാനോൻ നിശ്ചയിച്ചത് കൗൺസിലുകളാണെന്ന വാദം ശുദ്ധ അബദ്ധമാണ്. ദൈവം നിർണ്ണയിച്ച കാനോനെ പുനരവതരിപ്പിക്കുക മാത്രമാണ് അവർ ചെയ്തത്.

**ചോദ്യം 7 : ഒറിജിനൽ കയ്യെഴുത്ത് പ്രതികൾ ഇന്ന് നിലവിലില്ലാത്തതുകൊണ്ട് നമ്മുടെ കൈവശമുള്ളത് ഒറിജിനൽ തിരുവെഴുത്താണെന്ന് നമുക്ക് എങ്ങനെ ഉറപ്പിക്കുവാൻ സാധിക്കും.?**

**ഉത്തരം :** ഒറിജിനൽ കയ്യെഴുത്ത് പ്രതികൾ ഇന്ന് ലഭ്യമല്ല എന്ന കാരണത്താൽ നമ്മുടെ കൈവശമുള്ള തിരുവെഴുത്ത് വിശ്വാസയോഗ്യമല്ലെന്നത് തെറ്റിദ്ധാരണ മാത്രമാണ്. ഇന്ന് ലോകത്തിൽ മില്യൺ കണക്കിനു പുസ്തകങ്ങൾ കയ്യെഴുത്ത് പ്രതികൾ ലഭ്യമല്ലാതിരിക്കെ തന്നെ ഒറിജിനൽ ആയി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ബൈബിളിലെ പുസ്തകങ്ങളോടുള്ള ബന്ധത്തിൽ, പഴയനിയമത്തിന്റെ ധാരാളം പകർപ്പുകൾ യഹൂദന്മാരും പുതിയനിയമത്തിന്റെ ധാരാളം പകർപ്പുകൾ ആദിമകാല ക്രിസ്തീയ വിശ്വാസികളും തയ്യാറാക്കിയിരുന്നു. അവരത് തങ്ങൾ സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം കൂടെ കൊണ്ടുപോകയും പകർപ്പുകൾ ഉണ്ടാക്കുകയും പരിഭാഷപ്പെടുത്തുകയും ചെയ്തിരുന്നു. എ.ഡി 50 ൽ അപ്പോസ്തലനായ പൗലോസ് മത്തായിയുടെ സുവിശേഷം ഇൻഡ്യയിലും കൊണ്ടുവന്നു. രണ്ടോ അതിലധികമോ പകർപ്പുകൾ ലഭ്യമായിരിക്കുമ്പോൾ വേദപണ്ഡിതന്മാർ ടെക്സ്റ്റുവൽ ക്രിട്ടിസിസം എന്ന ഒരു പരീക്ഷണമാർഗ്ഗത്തിലൂടെ അവയുടെ ആധികാരികത ഉറപ്പാക്കുന്നു.

ബൈബിളിനോടുള്ള ബന്ധത്തിൽ, ലഭ്യമായ പുരാതനകയ്യെഴുത്ത് പ്രതികളുടെ പകർപ്പുകളെയും അവയിലെ പരാമർശങ്ങളെയും ടെക്സ്റ്റ്യൂവൽ ക്രിട്ടിസിസത്തിനു വിധേയമാക്കിയതു നിമിത്തം നമ്മുടെ കൈവശമുള്ള 66 പുസ്തകങ്ങളടങ്ങിയ കാനോൻ സമ്പൂർണ്ണമാണെന്ന നിർണ്ണയത്തിലെത്തി. 66 പുസ്തകങ്ങളാണ് വേദപുസ്തക കാനോൻ. അവയോടൊന്നും കൂട്ടിച്ചേർക്കാനുമില്ല; അവയിലൊന്നും ഒഴിവായിട്ടുമില്ല. കാനോൻ അത് സമ്പൂർണ്ണമാണ്, വിശ്വാസ്യമാണ്. ●

*തുടർച്ച പേജ്..... 04*

**ബൈബിളിൽ നിന്നും കാനോനിക ഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടോ?**

യാണ് പൂർവ്വകാലങ്ങളിലും തിരുവെഴുത്തിനോടുള്ള ബന്ധത്തിൽ തുടർന്നു വന്നത്. കാനോൻ നിസ്തുല്യമായി അതിന്റെ പൂർണ്ണതയിൽത ന്നെസ ംരക്ഷിക്കപ്പെട്ടിരുന്നു.അ വയിൽ നിന്നും ഏതെങ്കിലും നഷ്ടപ്പെടുകയോ ഏതെങ്കിലും കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്തിട്ടില്ല. കാനോനിക ഗ്രന്ഥങ്ങളുടെ രചയിതാക്കൾ എഴുതിയ മറ്റ് പുസ്തകങ്ങൾ കാനോനോട് ചേർക്കുവാൻ അവർ പോലും തയ്യാറായില്ലെന്നും, വ്യാജന്മാർ അപ്പോസ്തലന്മാരുടെയും മറ്റും പേരുകളിൽ എഴുതിയവ അപ്പോസ്തലന്മാരുടെ പേരുണ്ടെന്ന കാരണത്താൽ തിരുവെഴുത്തിനോട് ചേർത്ത് വയ്ക്കുവാൻ ദൈവജനം ശ്രമിച്ചില്ലെന്നതും വേദപുസ്തക കാനോനിന്റെ നിസ്തുല്യതയും മഹത്വവും വിളിച്ചോതുന്നു. നാം നമ്മുടെ കയ്യിൽ കൊണ്ട് നടക്കുന്ന 66 പുസ്തകങ്ങൾ അടങ്ങിയ ബൈബിൾ സമ്പൂർണ്ണ ദൈവവചനമാകുന്നു. അതിൽ നിന്നും ഒന്നും കുറയ്ക്കുവാനില്ല ഒന്നും കൂട്ടുവാനുമില്ല. അത് നിസ്തുല്യവും സമ്പൂർണ്ണവും വിശ്വാസ്യവും അനുസരിക്കത്തക്കതുമാകുന്നു. ആ തിരുവെഴുത്തിനു വേണ്ടി നമുക്ക് നിലകൊള്ളാം. ●

## സുവിശേഷകൻ ബാലസംഘം പാലക്കാട് സെന്റർ

**ചിറ്റൂർ** : ദൈവകൃപയാൽ ബാലസംഘം പ്രവർത്തനങ്ങൾ അനുഗ്രഹമായി തുടരുന്നു. 2013 ൽ 3 അർദ്ധദിനസമ്മേളനങ്ങൾ, 3 വി.ബി.എസ്, ടീച്ചേഴ്സ് ട്രെയിനിങ്ങുകൾ, 24 വി.ബി.എസ്, 2 ചിൽഡ്രൻസ് ഫെസ്റ്റുകൾ, ത്രിദിന സ്പെഷ്യൽ ക്ലാസ്സുകൾ, 2 പ്രാർത്ഥനാ മീറ്റിംഗുകൾ, ടീൻസ് മീറ്റ് എന്നിവ നടത്തുവാൻ കർത്താവ് കൃപ ചെയ്തു. ദൈവം ധാരാളമായി പ്രവർത്തനങ്ങളെ അനുഗ്രഹിച്ചു. പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാ പ്രീയപ്പെട്ടവർക്കും നന്ദി അറിയിക്കുന്നു.

23 വർഷങ്ങൾ പിന്നിട്ടിരിക്കുന്ന എസ്.ബി.എസ് പാലക്കാട് സെന്ററിന്റെ പ്രവർത്തനത്തിൽ നാളിതുവരെയും ഒരു സെന്റർ ക്യാമ്പ് നടത്തപ്പെട്ടിട്ടില്ലാത്തതിനാൽ ഒരു സെന്റർ ക്യാമ്പ് നടത്തുവാൻ കർത്താവിലാശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു.

**പാലക്കാട് സെന്റർ ക്യാമ്പ്**

**തീയതി** : 2014 ഏപ്രിൽ 28 തിങ്കൾ 5.00 p.m. – മെയ് 1, 12.30 p.m. വരെ

**സ്ഥലം** : ശാലോം റസിഡൻഷ്യൽ പബ്ലിക് സ്കൂൾ, ചിറ്റൂർ

**ക്യാമ്പ് തീം** : “നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു.” (മത്താ. 5:14)

**പ്രധാനലീഡേഴ്സ്**

ഇവാ. ജോർജ്ജ് പീറ്റർ, ചിറ്റൂർ, ഇവാ. റെജി കെ. തോമസ്, കർണ്ണാടക, ഇവാ. ഗോഡ്സൺ വാലയിൽ, വയനാട്. കൂടാതെ ജില്ലയിലെ സുവിശേഷകന്മാരും ക്ലാസ്സുകൾ നയിക്കുന്നു.

കുഞ്ഞുങ്ങളും മുതിർന്നവരുമടക്കം 200 പേർ പങ്കെടുക്കുന്ന ക്യാമ്പിന് 1,50,000 /- (ഒരുലക്ഷത്തി അമ്പതിനായിരം) രൂപ ആവശ്യമായിരിക്കുന്നു. ആയതിനാൽ ജില്ലയിലെ പ്രഥമ സെന്റർ ക്യാമ്പിന്റെ നടത്തിപ്പിനും അനുഗ്രഹത്തിനുമായി സഭയായും വ്യക്തികളായും പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്യണമേയെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

സാമ്പത്തിക കൂട്ടായ്മയായി ചെക്കുകൾ, ഡ്രാഫ്റ്റുകൾ അയക്കുന്നവർ ബിജു. സി. ജോൺ (ഓർഗനൈസർ) ജോഷി തോമസ് (ട്രഷറർ) , വി.ജെ. ജോസഫ് (ജോ. ട്രഷറർ) എന്നീ സഹോദരന്മാരുടെ പേരിൽ ഉള്ള ജോയിന്റ് അക്കൗണ്ട് നമ്പറിൽ ട്രഷററുടെ അഡ്രസ്സിൽ അയച്ചാലും.

ട്രഷററുടെ വിലാസം

Joshy Thomas (Evg.), Chemmarapalliyil, Nellipathy, Agali P.O., Palakkad, Kerala, Pin 678581, Mob: 9961446606

സെക്രട്ടറിയുടെ വിലാസം

Samuel Varghese (Evg.), Gospel Home, Malampuzha P.O., Palakkad, Kerala , Pin: 678651, Mob : 9496515089

*തുടർച്ച പേജ് 14*

# ബി. ബി. ഐ.
## ഞങ്ങളുടെ ജീവിതത്തിലെ സുവർണ്ണനിമിഷങ്ങൾ

ജോൺസൺ സി. ഫിലിപ്പിനു സാധിച്ചു. ഒരുമിച്ചു നിന്നാൽ വൻ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമെന്ന് ഇതിനാൽ തെളിയുന്നു.

ഡോ. ജോൺസൺ സി. ഫിലിപ്പ് , സനീഷ് ചെറിയാൻ, ഷിബു കെ. പോൾ എന്നിവർ ഒരുമിച്ച് ചെയ്ത ആദ്യ ടീം വർക്ക് സമ്പൂർണ്ണദൈവശാസ്ത്രം വൻ വിജയമായതുകൊണ്ട് ഗഹനമായ പഠനഗ്രന്ഥങ്ങൾ തയ്യാറാക്കുവാൻ ഈ ടീം തയ്യാറായി. അങ്ങനെ ബിബിഐയിൽ വെച്ച് തന്നെ സമ്പൂർണ്ണ ക്രിസ്തീയ ന്യായവാദശാസ്ത്രം എന്ന 800 പേജുള്ള പുസ്തകവും അടുത്ത ഒന്നരവർഷത്തിനുള്ളിൽ എഴുതിതീർക്കുവാനിടയായി. പിന്നീട് വൈസ്മെൻ പബ്ലിക്കേഷൻസ് ആ പുസ്തകം പ്രസിദ്ധീകരിച്ചു. ഷിബു തുടർപഠനത്തിനായി ഏഷ്യൻ ക്രിസ്റ്റ്യൻ അക്കാഡമിയിലേക്ക് പോയതിനാൽ ടീം പ്രവർത്തനം ഡോ. ജോൺസൺ സി ഫിലിപ്പും സനീഷ് ചെറിയാനും തുടർന്നു വരുന്നു.

ബിബിഐയിൽ 3 വർഷത്തെ ബി.റ്റി.എച്ച് പഠനം പൂർത്തിയാക്കിയ ശേഷം ബിബിഐയിലെ ഡിസ്റ്റൻസ് പ്രോഗ്രാമിലെ ആദ്യ വിദ്യാർത്ഥിയായി എം.ഡിവ് പൂർത്തിയാക്കുവാനും സനീഷിനു സാധിച്ചു. രണ്ടു വർഷം കൂടി ബിബിഐയിൽ താമസിച്ച് പഠിക്കുന്നതിന് ബിബിഐ അനുവദിച്ചതു കൊണ്ട് മലയാളത്തിലെ ആദ്യ ബൈബിൾ എൻസൈക്ലോപീഡിയായുടെ നാലുവാല്യങ്ങളിൽ മൂന്നിനും മതിയായ സംഭാവനകൾ ചെയ്യുവാൻ ഈ ടീമിനു കഴിഞ്ഞു. ഞങ്ങളുടെ ടീം പ്രവർത്തനത്തെ സഹായിച്ച ബിബിഐ ട്രസ്റ്റും മുൻപന്തിയിൽ നിന്ന് സഹായിച്ച അധ്യാപകരായ ഡോ. കെ.സി. ജോൺസൺ, പരേതനായ ശ്രീ. ഇ.കെ. ജോർജ്ജ് സാർ എന്നിവരോടും ഞങ്ങൾക്ക് നന്ദിയും സ്നേഹവും എന്നുമുണ്ട്. ഞങ്ങളുടെ കൂടെ പ്രോത്സാഹനവും സഹായവുമായി നിന്ന സഹവിദ്യാർത്ഥികളോടും നന്ദിയും കടപ്പാടും ഉണ്ട്. അങ്ങനെ ബിബിഐയിൽ പഠിപ്പിക്കുന്നതിനും പഠിക്കുന്നതിനുമായി ഞങ്ങൾക്കിരുവർക്കും ലഭിച്ച അവസരം സാഫല്യമായി ത്തീർന്നു. അതു ഞങ്ങളുടെ ജീവിതത്തിലെ സുവർണ്ണാവസരമായിരുന്നു.

ബിബിഐയിൽ നിന്നും കൈയ്യിലേന്തിയ സാഫല്യസുവിശേഷീകരണത്തിന്റെ ദീപശിഖയുമേന്തി ഈ ടീം ഇന്നും ശുശ്രൂഷകളിൽ തുടരുന്നു. വേർപാട് സഭകൾ തിരിച്ചറിഞ്ഞതും നിലകൊണ്ടതുമായ ഉപദേശസത്യങ്ങൾക്കായി യാതൊരു അനുരഞ്ജനത്തിനും അവസരം നൽകാതെ ടീം പ്രവർത്തനം മുന്നേറുന്നു. വേർപാട് മാസിക ഇന്ന് ഉപദേശത്തിന്റെ വക്താവായി നിൽക്കുമ്പോൾ അതിനു ബീജം പകർന്നത് ബിബിഐ ആണെന്നത് വേർപാട് മാസികയെ സംബന്ധിച്ചിടത്തോളം അഭിമാനമാണ്. ഇനിയും അനേകം ദൈവദാസന്മാരേയും ആത്മീക ശുശ്രൂഷകളെയും സമ്മാനിക്കുന്ന ഒരു സ്ഥാപനമായി ദൈവം ബിബിഐയെ എടുത്ത് ഉപയോഗിക്കട്ടെ എന്ന് ആത്മാർത്ഥമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

●

## വൈ. എം. ഇ. എഫ് ഏകദിന പ്രവർത്തനം

**മണീട്** : വൈ.എം.ഇ.എഫ് വാളകം യൂണിറ്റിന്റെ ചുമതലയിൽ ജനുവരി 4-ന് ഒരു ഏകദിന പ്രവർത്തനം നടന്നു. പതിനഞ്ച് സഹോദരന്മാർ വേലയിൽ സഹകരിച്ചു. സുവി. ശശി ഇഞ്ചകുണ്ട് ബൈബിൾ ക്ലാസ്സെടുത്തു. മണീട്, ചീരക്കാട്ടുപാറ, പാമ്പ്ര എന്നീ സ്ഥലങ്ങളിൽ പരസ്യയോഗവും നടന്നു. താല്പര്യമുള്ള ചിലരെ കണ്ടെത്തി. അനുധാവനപ്രവർത്തനങ്ങൾ നടന്നു വരുന്നു. സുവി. സനീഷ് ചെറിയാൻ കുടുംബമായി ഇവിടെ പ്രവർത്തിക്കുന്നു. പ്രാർത്ഥനയിൽ ഓർത്താലും.

**വേർപാട്** വാർത്താ പത്രിക

ബ്രദറൺ ഗോസ്പൽ മിനിസ്ട്രീസ് പ്രസിദ്ധീകരണം

# ബി. ബി. ഐ സിൽവർ ജൂബിലി സ്തോത്ര ശുശ്രൂഷ

**ഇലന്തൂർ** : ഭാരതത്തിലെ പ്രത്യേകിച്ചും കേരളക്കരയിലെ ബ്രദറൺ സമൂഹത്തിന്റെ അഭിമാനമായ ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ ജൈത്രയാത്രയിൽ സുദീർഘമായ 25 വർഷങ്ങൾ പിന്നിടുന്നു. പത്തനംതിട്ട സുവിശേഷാലയത്തോടുള്ള ബന്ധത്തിൽ 1989ൽ പ്രവർത്തനം ആരംഭിച്ച ബി.ബി.ഐ ഇന്നും ഫലകരമായ നിലയിൽ മുന്നേറുന്നു. ദൈവശാസ്ത്ര പഠനത്തിന്റെ ആവശ്യകതയെ ചോദ്യം ചെയ്യുന്ന പലരും ബ്രദറൺ സമൂഹത്തിൽ തന്നെയുണ്ടെങ്കിലും കർത്തൃദാസൻ ടി.എം. ജോർജ്ജ് സാറിനും കൂട്ടുസഹോദരന്മാർക്കും ദൈവം നൽകിയ വെളിച്ചം അത് തലമുറകളിലേക്ക് പകരുവാൻ ബിബഐയ്ക്ക് കഴിയുന്നു എന്നത് പ്രശംസനീയമായ കാര്യമാണ്. ഇന്ന് കേരളത്തിൽ ദൈവശാസ്ത്ര വിഷയങ്ങളിൽ ബിരുദങ്ങൾ നൽകുന്ന പല സ്ഥാപനങ്ങൾ ഉണ്ടെങ്കിലും പയനിയർ എന്ന നിലയിൽ ബിബിഐ അതിന്റെ തനിമ നിലനിർത്തുന്നു. സിൽവർ ജൂബിലി സമ്മേളനത്തോടുള്ള ബന്ധത്തിൽ 2014 ഫെബ്രുവരി 26,27,28 തീയതികളിൽ പ്രത്യേക സമ്മേളനങ്ങൾ നടത്തപ്പെടുന്നു. ദൈവദാസന്മാരായ കെ.കെ.എം. ജോൺ (യു.എസ്.എ) തോംസൺ ബി. തോമസ് (മുംബൈ) ഗ്രേയ്സൺ ജോർജ്ജ്(യു.എസ്.എ) എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും. മാർച്ച് 1 നു നടക്കുന്ന സിൽവർ ജൂബിലി സമ്മേളനത്തിൽ തോംസൺ ബി തോമസ് മുഖ്യസന്ദേശം നൽകും. ഗ്രാജുവേഷൻ സമ്മേളനത്തിൽ സഹോ. കെ.എം. ജോൺ മുഖ്യ അതിഥി ആയിരിക്കും തുടർന്നും ബിബിഐയുടെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.

## സുവിശേഷകന്മാർക്കുള്ള റിഫ്രഷർ കോഴ്സ്

**പത്തനംതിട്ട:** ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സുവിശേഷകന്മാർക്കുവേണ്ടി 2014 മാർച്ച് മാസം 3-ാം തീയതി മുതൽ റിഫ്രഷർ കോഴ്സ് നടത്തുന്നതാണ്. എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ച പുതിയ ബാച്ചുകൾ ആരംഭിക്കുന്നതായിരിക്കും. പത്തനംതിട്ടയിലുള്ള സുവിശേഷാലയത്തിലാണ് ക്ളാസുകളും താമസവും ക്രമീകരിച്ചിരിക്കുന്നത്. മൂന്ന് ആഴ്ചയാണ് ഒരു ബാച്ചിന്റെ ദൈർഘ്യം. തിങ്കൾ മുതൽ വെള്ളി വരെയാണ് ക്ളാസുകൾ. ക്ളാസിൽ പങ്കെടുക്കുന്നവർക്ക് വെള്ളിയാഴ്ച ശുശ്രൂഷകൾക്കായി അവരവരുടെ സ്ഥലത്തേക്ക് മടങ്ങിപ്പോകുന്നതിന് സാവകാശം ഉണ്ടായിരിക്കും. ഞായറാഴ്ച വൈകിട്ട് മടങ്ങി വരേണ്ടതാണ്. ഓരോ ബാച്ചിലും മുപ്പതു സുവിശേഷകന്മാർക്ക് പ്രവേശനം നൽകുന്നതാണ്. കൂടാതെ, സ്ഥിരമായി സുവിശേഷപ്രവർത്തനത്തിൽ ഏർപ്പെടുന്ന സഹോദരന്മാർക്കും പ്രവേശനമുണ്ട്. വേർപെട്ട ദൈവജനത്തിന്റെ മദ്ധ്യത്തിൽ സുവിശേഷപ്രവർത്തനങ്ങളിൽ നിസ്തുല്യത പുലർത്തുന്ന സഹോദരന്മാർക ്ളാസുകൾക്ക്േ നതൃത്വംന ൽകുന്നതായിരിക്കും.ക ൂടുതൽവ ിവരങ്ങൾക്ക് 9447265500 എന്ന നമ്പറിൽ (**E-mail: bbipathanamthitta@gmail.com**) ബന്ധപ്പെടുക. അപേക്ഷാഫാറം താഴെ നൽകിയിരിക്കുന്ന വിലാസത്തിൽ ലഭ്യമാണ്. **Admission Committee, Evangelists' Refresher Course, Brethren Bible Institute, Gospel Hall, Near People's Hospital, Pathanamthitta P.O. & Dist., Kerala, India-689 645.**

(എം. റ്റി. ജോർജ്ജ്, സെക്രട്ടറി).

This Publication is owned, printed and published by Saneesh Cherian.
printed at Maptho Printings, Kalamassery for Brethren Gospel Ministries.